# CALICUT UNIVERSITY FOR YEAR UNDERGRADUATE PROGRAM

## DEPARTMENT OF MALAYALAM

## CPA COLLE OF GLOBAL STUDIES

MULTI DISCIPLINARY COURSE OFFERED BY DEPARTMENT OF MALAYALAM

FIRSTSEMESTER (MDC)

CREATIVITY AND LITERARATURE

MALFM105

സർഗാത്മകതയും സാഹിത്യവും

തയ്യാറാക്കിയത് : വീണ കെ,  മലയാള വിഭാഗം

കോഴ്സ് സമ്മറി

സാഹിത്യരചനയുടെ പിറകിലെ സർഗാത്മകമായ വ്യാപാരങ്ങളെക്കുറിച്ച് വിദ്യാർഥികൾ അറിയുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. സാഹിത്യകൃതികൾ വായിക്കാനും ആസ്വദിക്കാനും വിലയിരുത്താനും പരിശീലനം ആവശ്യമുണ്ടെന്ന് വിദ്യാർഥികളെ ബോധ്യപ്പെടുത്താൻ കഴിയണം. കൂടാതെ, സാഹിത്യരചനയുടെ ഗൗരവവും അതിൻ്റെ പിന്നിലുള്ള സാമൂഹിക ജീവിയായ സാഹിത്യകാരൻ്റെ പ്രയത്നവും വിദ്യാർഥികൾക്ക് ബോധ്യപ്പെടേണ്ടതുണ്ട്. നിർദേശിച്ച പാഠഭാഗങ്ങളുടെ ഉള്ളടക്കത്തിൽനിന്നു രചനാസങ്കേതങ്ങളിലേക്കു നയിക്കുന്ന രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ ക്ലാസ്സിൽ ആസൂത്രണം ചെയ്യണം.

<u>മൊഡ്യൂൾ 1 – സർഗാത്മകത</u>

- സാഹിത്യം– നിർവചനം, പല കാലഘട്ടങ്ങളിലെ സാഹിത്യനിർവചനങ്ങൾ– സാമാന്യ പരിചയം–പാശ്ചാത്യവും പൗരസ്ത്യവുമായ നിർവചനങ്ങളുടെ പരിചയം
- സർഗാത്മകത നിർവചനം– പാശ്ചാത്യവും പൗരസ്ത്യവുമായ നിർവചനങ്ങളുടെ പരിചയം
- സാഹിത്യം/ സാഹിത്യേതരം എന്ന വിഭജനത്തിലെ യുക്തി.
- വിവിധ സാഹിത്യ/ സാഹിത്യേതര ജനുസ്സുകൾ– നാടകം, കവിത, കഥ, നോവൽ, തിരക്കഥ, നിരൂപണം, ഉപന്യാസം, ആത്മകഥ, ജീവചരിത്രം തുടങ്ങിയവ.
- വായന എന്ന പ്രക്രിയ ആസ്വാദനവും വിമർശനവും സാഹിത്യകൃതികളുടെ വായന സൃഷ്ടിക്കുന്ന സർഗാത്മക ചിന്തകൾ, ഭാവന, ദർശനം, വീക്ഷണം

**<u>മൊഡ്യൂൾ 2 –കവിതയുടെ രചനാലോകം</u>**

- കവിതയുടെ രൂപഭാവങ്ങൾ, ഭാവനയും ആവിഷ്കാരവും
- കാവ്യ രൂപങ്ങൾ, കവിതയുടെ ഘടന കവിത ഗദ്യത്തിലും പദ്യത്തിലും
- വൃത്തം, താളം, ഈണം, ബിംബം, പ്രതികം, രൂപകം–സാമാന്യ പരിചയം
- കവിതയുടെ സൃഷ്ടി: അനുഭവവും ആവിഷ്കാരവും
- 'പൂതപ്പാട്ട്' എന്ന കവിതയുടെ രചനാപശ്ചാത്തലം: (തുടികൊട്ടും ചിലമ്പൊലിയും (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ)– ഇടശ്ശേരി *ഇടശ്ശേരി ഗോവിന്ദൻനായർ)
- 'മാമ്പഴം' എന്ന കവിതയുടെ രചനാ പശ്ചാത്തലം: കാവ്യലോക സ്മരണകൾ, അധ്യായം 25– വൈലോപ്പിള്ളി ശ്രീധരമേനോൻ
- 'പിറക്കാത്ത മകന്' എന്ന കവിതയുടെ രചനാ പശ്ചാത്തലം: ഭ്രൂണഹത്യ (ചിദംബരസ്മരണ)–ബാലചന്ദ്രൻ ചുള്ളിക്കാട്
- കവിയുടെ ഭാവന, സർഗാത്മക സ്വാതന്ത്ര്യം: (വൈലോപ്പിള്ളി ശ്രീധരമേനോൻ രണ്ട് രീതിയിൽ അവസാനഭാഗം എഴുതിയ 'പെണ്ണും പുലിയും' എന്ന കവിതയുടെ പ്രസ്തുത പാഠങ്ങളിലെ വ്യത്യസ്തത അടിസ്ഥാനമാക്കിയുള്ള വിശകലനം)

**<u>മൊഡ്യൂൾ –3– കഥയുടെ രചനാലോകം</u>**

- ഫിക്ഷൻ എഴുത്തിന്റെ ഘടകങ്ങൾ

- കഥാബീജം, ഇതിവൃത്തം, പ്രമേയം, ആഖ്യാനം, കഥാപാത്രചിത്രീകരണം, സ്ഥലഭാവന, സംഭാഷണം, ശീർഷകം, ക്രാഫ്റ്റ്
- കഥാരചന– അനുഭവവും ആവിഷ്കാരവും
- 'നിന്റെ ഓർമ്മയ്ക്ക് ' എന്ന കഥയുടെ രചനാപരിസരം: ഒരു കഥ ജനിക്കുന്നു (കാഥികന്റെ പണിപ്പുര) എം. ടി. വാസുദേവൻനായര്
- കൊടുങ്കാറ്റിൽപ്പെട്ട ഒരില' എന്ന കഥയുടെ രചനാ പരിസരം : കഥാകർത്രിയുടെ മറുപടി (ആത്മകഥയ്ക്ക് ഒരാമുഖം)– ലളിതാംബിക അന്തർജനം
- 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിന്റെ രചനാ പരിസരം: ഖസാക്കിലെ സുന്ദരി (ഇതിഹാസത്തിന്റെ ഇതിഹാസം)– ഒ. വി. വിജയൻ

<u>മൊഡ്യൂൾ 4 എഴുത്തും അനുഭവവും</u>

- എഴുത്ത്, വായന എന്നിവയുമായി ബന്ധപ്പെട്ട് എഴുത്തുകാരുടെയും വായനക്കാരുടെയും അനുഭവങ്ങൾ, ലോകവീക്ഷണം, ദർശനം എന്നിവ പങ്കുവെയ്ക്കുന്ന കുറിപ്പുകളുടെ വിശകലനം
- നെയ്ത്തുകാരന്റെ കഥ– എൻ. ശശിധരൻ (മെതിയടി )
- ഇവാൻ ഇലിയച്ചിൻ്റെ ആത്മഹത്യാശ്രമം– മുഹമ്മദ് അബ്ബാസ് (വിശപ്പ് പ്രണയം ഉന്മാദം)
- അവരെ വെറുതെ വിടുക – ശ്രീജിത് പെരുന്തച്ചൻ (അവരെ വെറുതെവിടുക)

<u>Open Ended Module</u>

കോഴ്സിന്റെ പഠനഫലങ്ങൾ നേടാവുന്ന തരത്തിൽ മുകളിലെ നാല് മൊഡ്യൂളുകൾക്കും ഉചിതമായ അധിക പാഠങ്ങളും പഠനമേഖലയിലുള്ള പുതിയ അറിവുകളും അധ്യാപകർ ഡിപ്പാർട്മെൻ്റ് കൗൺസിലിന്റെ അനുമതിയോടെ ഈ മൊഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതും തുടർച്ചയായ വിലയിരുത്തലിലൂടെ 5 മാർക്കിന് ഇന്റേണലായി മൂല്യനിർണയം ചെയ്യേണ്ടതുമാണ്.

<u>മാതൃകാ നിർദേശങ്ങൾ :</u>

വിദ്യാർഥികളുടെ സർഗാത്മകകൃതികൾ അവതരിപ്പിക്കുക. അവരുടെ കൃതികൾക്കു പിന്നിലുണ്ടായ അനുഭവങ്ങൾ ചർച്ചചെയ്യുക. സർഗാത്മകസാഹിത്യ കൃതികൾ അടിസ്ഥാനമാക്കി സംവാദങ്ങൾ സംഘടിപ്പിക്കുക.

## സാഹിത്യം മൊഡ്യൂൾ 1

ഇംഗ്ലീഷിൽ ലിറ്ററേച്ചർ എന്നും മലയാളത്തിൽ സാഹിത്യം എന്നും വ്യവഹരിക്കുന്ന പദം എന്തിനെ സൂചിപ്പിക്കുന്നു? എന്താണ് ലിറ്ററേച്ചർ അഥവാ സാഹിത്യം? “വാക്കുകളാൽ നിർമ്മി തമായ കലാസൃഷ്ടികളുടെ സംഘാതമാണ് സാഹിത്യം”എന്നത് ലളിതമായ ഒരു നിർവചനമാണ്. വാമൊഴിയായി കൈമാറുന്നത് വാമൊഴി സാഹിത്യവും ലിഖിതപ്പെട്ടവ വരമൊഴിയുമായി വ്യവഹ രിക്കുന്നു. പ്രകൃത്യാ ആത്മാവിഷ്കാരകുതുകിയായ മനുഷ്യൻ ഭാവനാജീവിതത്തെ ഭാഷ എന്ന ഉപാധിയിലൂടെ പ്രകാശിപ്പി ക്കുന്നു. അതാണ് സാഹിത്യം. സാധാരണയായി കവിതയിലൂടെ യോ നാടകത്തിലൂടെയോ ആഖ്യാനത്തിലൂടെയോ അവതരിപ്പി ക്കുന്ന ഒരു സൃഷ്ടി എന്ന നിലയിലാണ് സാഹിത്യം കരുതപ്പെട്ടു ന്നത്. കവിതകൾ, നാടകങ്ങൾ, ഗദ്യാഖ്യാനങ്ങൾ എന്നിവയിൽ തന്നെ പല വിഭാഗങ്ങളുണ്ട്. അവയുടെ ഭാഷ, ചരിത്രപരമായ കാലഘട്ടം, ദേശം, വിഷയം മുതലായവയ്ക്കനുസൃതമായി പലരീതിയിൽ ഇവയെ തരംതിരിക്കാവുന്നതാണ്. Littera എന്ന ധാതുവിൽ നിന്നാണ് ലിറ്ററേച്ചർ എന്ന പദ ത്തിന്റെ നിഷ്പത്തി .

### ചില നിർവ്വചനങ്ങൾ :

"എഴുതപ്പെട്ട കൃതിയുടെ സംഘാതമാണ് സാഹിത്യം, പദ്യത്തിലെയും ഗദ്യത്തിലെയും ഭാവനാസമ്പന്നമായ സൃഷ്ടിക ൾക്ക് ഈ പേര് പരമ്പരാഗതമായി ഉപയോഗിച്ചുവരുന്നു. അവ യുടെ രചയിതാക്കളുടെ ഉദ്ദേശ്യങ്ങളാലും അവയുടെ നിർവഹണ ത്തിലെ സൗന്ദര്യാത്മകമായ മികവുകൊണ്ടും അവയെ പലരീതി യിൽ വേർതിരിക്കപ്പെടുന്നു. ഭാഷ, ദേശീയത, ഉത്ഭവം, ചരിത്ര കാലഘട്ടം, വിഷയം, വർഗ്ഗം എന്നിവയുൾപ്പെടെ വിവിധ സംവിധാനങ്ങൾ ഉപയോഗിച്ച് സാഹിത്യത്തെ തരംതിരിക്കാം."

### ബ്രിട്ടാനിക്ക ഡിക്ഷണറി

"രൂപപരമായും ആവിഷ്കാരപരമായും മികവുറ്റതും സ്ഥിരതയുള്ളതും സാർവത്രികവുമായ ആശയങ്ങൾ പ്രകടിപ്പി ക്കുന്നതുമായ രചനകളാണ് സാഹിത്യം"

– Merrian Webster's Collegiate Dictionary, 11th Edition

"ഭാവനാത്മകവും കലാപരവുമായ സാഹിത്യം കേവലം വസ്തുതയല്ല, മറിച്ച് അതിന്്റെ അനന്തവും വ്യത്യസ്തവുമായ രൂപങ്ങളാണ്

– Walter Pater

"മനുഷ്യരാശിയുടെ മൂർത്തമായ വീക്ഷണത്ത ആവിഷ്കരിക്കാനുള്ള മാധ്യമമാണ് സാഹിത്യം

– Alfred Whitehead

“വായിക്കുന്ന മനുഷ്യനെ, അത് എഴുതിയ മനുഷ്യന്റെ അവസ്ഥയിലേക്ക് മാറ്റുന്നു എന്നതാണ് മഹത്തായ സാഹിത്യ ത്തിന്റെ അത്ഭുതകരമായ പ്രത്യേകത."

E.M Forster

മേൽ സൂചിപ്പിച്ച ചില നിർവചനങ്ങൾ സാഹിത്യത്തെ സംബന്ധിച്ചുള്ള അർത്ഥകല്പനകളിലേക്ക് വിരൽചൂണ്ടുന്നുണ്ട്. സാഹിത്യം മനുഷ്യത്വത്തിന്റെ ചിത്രീകരണമാണെന്നും സമൂഹത്തിന്റെ യഥാർത്ഥ നിറങ്ങൾ കാണാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒന്നാണെന്നും അത് ഓർമ്മപ്പെടുത്തുന്നു. “സാഹിത്യം പരമാ വധി അർത്ഥം ഉൾക്കൊള്ളുന്ന ഒരു ഭാഷയാണ്” എന്ന, എസ്രാപൗണ്ടിന്റെ വാക്കുകളും ഇവിടെ ഓർക്കാവുന്നതാണ്. സാഹിത്യത്തിന്, അതിന്റെ ഭാഷയിൽ ഒന്നിലധികം അർഥങ്ങളുണ്ട്. അത് പല രൂപത്തിൽ പല രീതിയിൽ ആശയങ്ങൾ വെളിപ്പെടുത്തുന്നു. എഴുത്തുകാരിൽ നിന്ന് വായനക്കാരിലേക്ക് എത്തുമ്പോൾ അതിന്റെ സ്വയം പരിണാമശേഷികൊണ്ട് വ്യത്യസ്തമാവാനും വിപുലപ്പെടാനും അതിനു കഴിയുന്നു.

മനുഷ്യരാശിയുടെ മുഴുവൻ ആവിഷ്കാരരൂപമാണ് സാഹിത്യം. അത് വ്യക്തികളുടെയോ സംഘത്തിന്റെയോ അനു ഭവങ്ങളുടെ കുറിപ്പുകൾ മാത്രമായി ചുരുങ്ങിപ്പോകുന്നില്ല. സാഹി ത്യം ആനന്ദത്തിനപ്പുറത്തേക്കു ഉയരാനും അതിനെ രൂപാന്ത രപ്പെടുത്താനും, സാംസ്കാരിക മൂല്യങ്ങളെ വിമർശിക്കാനും സ്ഥിരീകരിക്കാനുമുള്ള ഉപാധി കൂടിയായി പ്രവർത്തിക്കുന്നു. വാക്കുകളിൽ പ്രകടിപ്പിക്കുന്നവയെല്ലാം സാഹിത്യമാണ് എന്ന് തെറ്റിദ്ധരിക്കാനും പാടില്ല. വിജ്ഞാനപ്രദമായ രചനകളെയും സാങ്കേതികവും പണ്ഡിതോചിതമായ പ്രത്യേക എഴുത്തിനെയും പത്രപ്രവർത്തനത്തെയുമൊക്കെ സാഹിത്യം എന്ന പരിഗണനയ്ക്കു പുറത്താണ് ചിലർ സ്ഥാനം കൽപ്പിക്കുന്നത്. ഏതൊരു എഴുത്തിലും സാഹിത്യത്തോട് അടുപ്പിക്കുന്ന പ്രധാനഘടകം 'കലാപരമായ മികവ്' ആണ്.

സാഹിത്യം എന്നത് ഒരു സംസ്കൃതപദമാണ്. കവിത, ഗദ്യം, നാടകം തുടങ്ങിയ എഴുത്തു കലകളെയാണ് അത് ഉൾക്കൊള്ളുന്നത്. സംസ്കൃതത്തിൽ സാഹിത്യത്തിനെ പൊതുവേ 'കാവ്യം' എന്നാണ് വിളിക്കുന്നത്. എന്നാൽ സംസ്കൃത ത്തിലെ പരിഗണനയിൽ വരാത്തതും പുതിയ ആവിഷ്കാരരൂപങ്ങളായ നോവൽ, ചെറുകഥ, ഗദ്യരചനയിലെ മറ്റ് വിഭാഗങ്ങൾ, വൈജ്ഞാനിക രചനകൾ, സാഹിത്യ/സാമൂഹിക/സാംസ്കാരിക / വിമർശന / ആസ്വാദന രൂപങ്ങൾ തുടങ്ങിയ എഴുത്തുരൂപങ്ങളും സാഹിത്യത്തിൽ ഉൾപ്പെടുന്നു. വരമൊഴിയിൽ കൂടാതെ വാമൊ ഴിയും പരിഗണിക്കേണ്ടതുണ്ട്. ആ അർത്ഥത്തിൽ വിശാലമായി മനസ്സിലാക്കേണ്ടുന്ന ഒന്നാണ് സാഹിത്യം എന്നതാണ് വസ്തുത. പ്രകൃത്യാ ആത്മാവിഷ്കാര കുതുകിയായ മനുഷ്യൻ ഭാവനാജീവിതത്തെ ഭാഷയെന്ന ഉപാധിയിലൂടെ പ്രകാശിപ്പിക്കുന്നതാണ് സാഹിത്യം.

- സാഹിത്യ ജനുസുകൾ – കവിത, നാടകം, നോവൽ, ചെറുകഥ, ജീവചരിത്രം, ആത്മകഥ സാഹിത്യം, ഉപന്യാസം, ബാലസാഹിത്യം സഞ്ചാരസാഹിത്യം തുടങ്ങിയവ....

## അലങ്കാരവും വൃത്തവും കവിതയിൽ

പദ്യത്തിലും ഗദ്യത്തിലും കവിതയെഴുതുന്നുണ്ട്. സംസ്കൃതവൃത്തങ്ങളെയോ ഭാഷാവൃത്തങ്ങളെയോ ഉപയോഗപ്പെട്ടു ത്തി കവിത രചിക്കുന്നു) ശ്ലോകങ്ങളായും ഈരടികളായും അവത രിപ്പിക്കുമ്പോൾ ഒരു താളം ലഭിക്കുന്നു. ഭാഷാവൃത്തങ്ങൾക്ക് പ്രത്യേക താളമുണ്ടല്ലോ. ചെറുശ്ശേരിയുടെ കവിതയ്ക്കും നമ്പ്യാ രുടെ കവിതയ്ക്കും രാമപുരത്ത് വാര്യരുടെ കവിതയ്ക്കും പ്രത്യേ ക താളം നൽകിയാണല്ലോ നാം അത് ആസ്വദിക്കുന്നത്. അപ്പോൾ പദ്യത്തിൽ എഴുതപ്പെട്ട കവിതകൾക്ക് താളം പ്രധാനമാണ് എന്ന്

മനസ്സിലാവുന്നു. ധാരാളം സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്തങ്ങളും ഉണ്ട്. അവയെ സവിസ്തരം പ്രതിപാദിക്കുന്നില്ല.

കവിതകളിൽ അലങ്കാരവും വൃത്തവും ഒക്കെ ഉപയോഗപ്പെടുത്തുന്നത് എന്തിനാണ്? ഭാവമേഖലയുടെ ഉപേക്ഷണീയ മായ ഘടകങ്ങൾ എന്ന നിലയിലാണ് അലങ്കാരവും വൃത്തവും ബിംബവും പ്രതീകങ്ങളും രൂപകങ്ങളും ഒക്കെ ഉപയോഗപ്പെട്ട ത്തുന്നത്. പദവാക്യങ്ങളിൽ നിന്ന് ആരംഭിച്ച് കവിതയുടെ സമഗ്ര ശില്പത്തോളം അതിന്റെ പ്രാധാന്യം വ്യാപിക്കുന്നുണ്ട്. കവി വെറുതെ ഒരു വൃത്തം സ്വീകരിക്കുകയല്ല, പ്രമേയത്തിനും ഭാവമേഖലക്കും ഇണങ്ങുന്ന വിധത്തിൽ ഔചിത്യ ബോധമനുസരിച്ചാണ് കവി ഒരു വൃത്തം സ്വീകരിക്കുന്നത്. എന്നാൽ അപൂർവ്വവും വിചിത്രവുമായ അനുഭവങ്ങൾ ആവിഷ്കരിക്കേണ്ടി വരുമ്പോൾ അലങ്കാരവും വൃത്തവും താളവും സംബന്ധിച്ച് നിലവിലിരിക്കുന്ന പ്രമാണങ്ങളൊക്കെ ലംഘിക്കാൻ കവികൾ തയ്യാറാവുന്നു. അങ്ങ നെയാണ് പുതിയ കാവ്യരൂപങ്ങൾ ആവിർഭവിക്കുന്നത്. പദ്യരൂപ ത്തിലുള്ള കാവ്യത്തിനു മാത്രമാണ് വൃത്തം ബാധകമാകുന്നത്. വൃത്തങ്ങളെ സംസ്കൃതവൃത്തം എന്നും ദ്രാവിഡ വൃത്തം എന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്. അക്ഷരസംഖ്യ അനുസരിച്ച് ഗണങ്ങളായി ഇരിക്കുന്നവയാണ് സംസ്കൃതവൃത്തങ്ങൾ. സമ വൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ. ദ്രാവിഡവൃത്തങ്ങൾക്ക് അക്ഷരക്രമമില്ല. മറിച്ച് മാതാവ ത്തങ്ങളാണ്. പാടി നീട്ടുകയും കുറക്കുകയും ഒക്കെ ചെയ്യാം.

'പദ്യം വാർക്കുന്ന തോതല്ലോ വൃത്തമെന്നിഹ ചൊൽവത്'

സർഗാത്മകതയും സാഹിത്യവും

വൃത്തത്തിന്റെ നിർവ്വചനമാണിത്. പദ്യം എഴുതുന്നതിന് ഒരു തോതുണ്ട്. അതാണ് വൃത്തം. നമുക്ക് അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കേണ്ടതില്ലാത്തതുകൊണ്ട് ഏതാനും വൃത്തങ്ങളുടെ പേരുകൾ പരിചയപ്പെടുക മാത്രം ചെയ്യുന്നു. ഇന്ദ്രവജ്രാ, ഉപേന്ദ്രവജ്രാ, ഉപജാതി, രഥോദ്ധത, വസന്തതിലകം, ശാർദ്ദൂല വിക്രീഡിതം തുടങ്ങി ഒട്ടേറെ സംസ്കൃതവൃത്തങ്ങളുണ്ട്. ദ്രാവിഡ വൃത്തങ്ങളാണെങ്കിൽ കേക, മഞ്ജരി, കാകളി, കളകാഞ്ചി, അന്ന നട, നതോന്നത, തരംഗിണി, തരംഗിണി തുടങ്ങി ഒട്ടേറെ വൃത്ത ങ്ങളുണ്ട്. കൃഷ്ണഗാഥയുടെ താളം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. അതുപോലെ പാനയ്ക്ക് ഒരു താളമുണ്ട്. വഞ്ചിപ്പാട്ടിന് മറ്റൊരു താളം ഇവയെല്ലാം ആ കവിതകൾക്ക് എത്രമാത്രം ആസ്വാദ്യത നൽകുന്നുണ്ട് എന്ന് നാം സ്വയം ബോധ്യപ്പെട്ടിട്ടുണ്ടല്ലോ.

- കൃഷ്ണഗാഥയിലെ വൃത്തം മഞ്ജരിയാണ്.

'ഗോപന്മാരെല്ലാരും ഭാജനമോരോന്നിൽ ഗോരസമോരോന്നേ പൂരിച്ചപ്പോൾ' ഇത് ഒരു താരാട്ട് പാട്ടിന്റെ ഈണമാണ്.

'വിശേഷങ്ങളിനിയും പറഞ്ഞുകൂടാം ബന്ധം വിനാ വിശക്കുന്നു നമുക്കത് സഹിച്ചുകൂടാ' ഇത് നതോന്നത വൃത്തമാണ്, വഞ്ചിപ്പാട്ടിൻ്റെ താളം. നോക്കു, വൃത്തം കവിതകൾക്ക് എത്രമാത്രം ഭംഗി പകരുന്നു എന്ന്!

"നദിയെ കരയില്ലാതെ സങ്കൽപ്പിക്കാൻ ആവാത്തതു പോലെ കവിതയെ വൃത്തമില്ലാതെ സങ്കൽപ്പിക്കാനാവില്ല" എന്ന് വൃത്തത്തെ സംബന്ധിച്ച് ടാഗോർ നടത്തിയ പ്രസ്താവന ശ്രദ്ധേ യമാണ് അലങ്കാരങ്ങൾക്കാവട്ടെ, അലങ്കാരം എന്ന വാക്ക് സൂചി പ്പിക്കുന്നതുപോലെ തന്നെ കവിതയുടെ മോടികൂട്ടുക എന്നതാണ് അവയുടെ ലക്ഷ്യം

ഒരുകാലത്ത് കാവ്യധർമ്മം തന്നെ അലങ്കാ രങ്ങളുടെ കൃത്രിമം പ്രദർശിപ്പിക്കലാണ് എന്നതായിരുന്നു. വ്യത്യ സ്തങ്ങളായ പ്രമേയങ്ങൾക്കനുസരിച്ച് കവിതയുടെ രൂപഭാവ ങ്ങളെ, അവയുടെ ആശയബന്ധങ്ങളെ ഉറപ്പിച്ചെടുക്കുക എന്ന കർത്തവ്യമാണ് അലങ്കാരങ്ങളും നിർവഹിക്കുന്നത്.

തലമുറകളായി നമ്മുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന ഒരു താളബോധമുണ്ട്. ആശയസംവേദനത്തിനും വികാര സംക്രമണ ത്തിനും ആ താളത്തെ, ശീലുകളെ ഉപയോഗപ്പെടുത്തി പോന്നിട്ടുണ്ട്. വിയോഗിനി വൃത്തം ശ്രദ്ധേയമാണല്ലോ. കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത' ഈ വൃത്തത്തിലാണ് രചിക്കപ്പെട്ടിട്ടു ള്ളത്. വിയോഗിനി എന്ന വൃത്തം ദുഃഖം പകരുന്ന ഒന്നാണ്. വസന്തതിലകം എന്ന വൃത്തത്തിലാണ് കുമാരനാശാന്റെ 'വീണ പൂവ്' രചിച്ചത്. വസന്തത്തെയും സന്തോഷത്തെയും സമന്വയി പ്പിക്കുന്ന വൃത്തമാണിത് ദ്രാവിഡവൃത്തങ്ങൾക്കും പല മട്ടിൽ അർത്ഥം പറയാവുന്നതാണ്. കാകളി കിളികളുടെ പാട്ട്, രേഖ മയിലിന്റെ പാട്ട്, മഞ്ചേരി പൂങ്കുല, നതോന്നത – നതവും ഉന്നത വുമായ രീതി – ഉയർന്ന പോകുന്ന വഞ്ചിയുടെ താളം. വഞ്ചിപ്പാ ട്ടിന്റെ ഈണം ഓർക്കുക.

കവിതയുടെ സംവേദന പ്രക്രിയയിൽ വൃത്തത്തിനുള്ള പങ്ക് പ്രധാനമാണ്. ആധുനിക കവികളും വൃത്തത്തിന്റെ ചില സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ പുതിയ കാലത്ത് കവിതകൾ വൃത്ത നിരാസം കൊണ്ട് ശ്രദ്ധേയമാവുക യാണ്. കവിതയുടെ അലങ്കാരങ്ങൾക്കും സവിശേഷ സ്ഥാന മുണ്ട്. ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളുമുണ്ട്. കാവ്യ ത്തിലെ ശബ്ദത്തെ ആശ്രയിച്ചുനിൽക്കുന്ന അലങ്കാരമാണ് ശബ്ദാ ലങ്കാരം. അനുപ്രാസം, യമകം, പ്രാസം തുടങ്ങിയവയാണവ. പ്രാസവ്യവസ്ഥ എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ആദിപ്രാസം, ദിതീയാക്ഷര പ്രാസം, അന്ത്യപ്രാസം എന്നു തുടങ്ങിയ പ്രാസവ്യ വസ്ഥകൾ ശബ്ദാലങ്കാരങ്ങളാണ്.

'ശബ്ദാർത്ഥങ്ങളിൽ വച്ചൊന്നിൽ വാച്യമായിട്ടിരുന്നീടും ചമത്കാരം ചമയ്ക്കുന്ന മട്ടലങ്കാരമായത്."

എന്നാണ് ഏ ആർ രാജരാജവർമ്മ 'ഭാഷാഭൂഷണ'ത്തിൽ അല ങ്കാരത്തിന് നിർവചനം നൽകിയിരിക്കുന്നത്. ഒരു കാവ്യത്തിന്റെ ഭംഗി കൂട്ടാനായി ചേർക്കുന്ന പ്രയോഗങ്ങളെ അലങ്കാരങ്ങൾ എന്നു പറയുന്നു. കാവ്യം വായിക്കുമ്പോൾ അനുവാചകന് അവാ ച്യമായ ഒരാനന്ദം അനുഭവപ്പെടണം. ആഹ്ലാദം ജനിപ്പിക്കുന്ന തിനു കാരണമായ കവിതാധർമ്മമാണ് ചമത്ക്കാരം അഥവാ അലങ്കാരം. കാവ്യത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെസർഗാത്മകതയും സാഹിത്യവും

അർത്ഥത്തിൽനിന്നും ഉളവാകുന്ന ചമത്കാരങ്ങളാണ് അർത്ഥാ ലങ്കാരങ്ങൾ. അവ ശ്രവണസുഖത്തേക്കാൾ ആലോചനാസുഖ മാണു നൽകുന്നത്. ആലോചനയിലൂടെ സവിശേഷമായ അർത്ഥ ത്തിലേക്ക് അനുവാചകർക്ക് എത്താൻ കഴിയും വിധത്തിലാണ് കവി അത് സംവിധാനം ചെയ്യുന്നത്. അതുകൊണ്ട് കവികൾ ശബ്ദാലങ്കാരത്തിനേക്കാൾ അർത്ഥാലങ്കാരങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

എല്ലാതരം അർത്ഥാലങ്കാരങ്ങളേയും അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം എന്നിങ്ങനെ നാലിൽ ഏതെങ്കിലും ഒന്ന് അടിസ്ഥാനഘടകമായത് എന്ന നിലയിൽ തരം തിരിക്കാ നാവും. ഇതനുസരിച്ച് അർത്ഥാലങ്കാരങ്ങളെ നാലു വർഗ്ഗമായി വിഭജിച്ചിരിക്കുന്നു: അതിശയോക്തി, സാമ്യോക്തി, വാസ്ത വോക്തി, ശ്ലേഷോക്തി

എന്നിങ്ങനെ. ഉപമ, ഉൾപ്രേക്ഷ, രൂപകം, ദീപകം, അപ്രസ്തുത പ്രശംസ എന്നിങ്ങനെ ധാരാളം അർത്ഥാ ലങ്കാരങ്ങളുണ്ട്. അവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നില്ല. "മനുഷ്യ ശരീരത്തിൽ മുത്തുമാല തുടങ്ങിയ ആഭരണങ്ങൾ എന്ന പോലെ കാവ്യത്തിൽ അലങ്കാരങ്ങൾ ബാഹ്യവും അനിത്യവുമാ ണെന്നും വാചകങ്ങളാകുന്ന അംഗങ്ങളെ അലങ്കരിക്കുന്നതുവഴി കാവ്യാത്മാവായ രസത്തെ പുഷ്ടിപ്പെടുത്തുകയാണ് അലങ്കാരങ്ങ ളുടെ മുഖ്യധർമ്മമെന്നും ഭാഷാഭൂഷണത്തിൽ എ ആർ രാജരാജ വർമ്മ പറയുന്നുണ്ട്.

ഒരനുഭവം വായനക്കാരിലേക്ക് സംവേദനം ചെയ്യാനാണ ല്ലോ കവി ശ്രമിക്കുന്നത്. വികാരത്തോടൊപ്പം വിചാരവും അതിൽ ലയിപ്പിക്കാനുള്ള ശ്രമം കവി നടത്തുന്നുണ്ട്. ചില ശബ്ദങ്ങൾ നമ്മെ കേൾപ്പിക്കുന്നുണ്ട്.

“കേട്ടിട്ടില്ലേ തുടികൊട്ടും കലർ ന്നോട്ട ചിലമ്പിൻ കലമ്പലുകൾ"

എന്ന് ഇടശ്ശേരി പൂതപ്പാട്ട് അവതരിപ്പിക്കുമ്പോൾ ശബ്ദാലങ്കാര ത്തിലൂടെ പൂതത്തിന്റെ വരവ് നമ്മളും കേൾക്കുന്നുണ്ടല്ലോ. ഇത് അനുഭവിപ്പിക്കലാണ് ശബ്ദലങ്കാരത്തിന്റെ ലക്ഷ്യം.

പുതിയൊരു കവിത നോക്കൂ;

“നമ്മൾ ഉറക്കും വായെല്ലാം നമ്മുടെ വാദം വാകിളിയേസർഗാത്മകതയും സാഹിത്യവും

നമ്മൾ പിടിക്കും മുയലിന്ന് നമ്മുടെ മുക്കൊമ്പിക്കിളിയെ“

'ബബ്ബ്ഭ' എന്ന കവിതയിൽ അൻവർ അലി നാടൻപാട്ടിന്റെ ഈണത്തോടൊപ്പം ദ്വിതിയാക്ഷരപ്രാസത്തിൻ്റെ ഭംഗി ഉപയോഗ പ്പെടുത്തിയിരിക്കുന്നു.

"അയലയുടെ ശവമല്ല,

അയലത്തെ ശവമാണ് " (വെട്ടുവഴിക്കവിതകൾ)

എന്ന് പ്രതാപ് ജോസഫ് അവതരിപ്പിക്കുന്നതും ശബ്ദാലങ്കാര മാണ്. ഇങ്ങനെ ശബ്ദലങ്കാരത്തിന് സാധ്യതകൾ വർത്തമാനകാല കവികളും ധാരാളം ഉപയോഗപ്പെടുത്തുന്നുണ്ട്. )

## മൊഡ്യൂൾ 2

## തുടികൊട്ടും ചിലമ്പൊലിയും – ഇടശ്ശേരി

ഓരോ രചനയ്ക്ക് പിന്നിലും ഓരോ കഥകൾ ഒളിഞ്ഞിരിക്കാറുണ്ട്. കഥയും നോവലും പിറക്കുമ്പോൾ അതിലൊക്കെ തന്നെ ഒരു കഥ അതിൽ ഒളിഞ്ഞിരിക്കാറുണ്ട്. ആ കഥയാണ് ഈ കവിതയിൽ ബന്ധപ്പെടുത്തിക്കൊണ്ട് ഇടശ്ശേരി തന്നെ നമ്മളോട്

പങ്കുവയ്ക്കുന്നത്.ശക്തിയുടെ കവി എന്നറിയപ്പെടുന്ന ഇടശ്ശേരിയുടെ കവിതയാണ് പൂതപ്പാട്ട്. പൂതപ്പാട്ട് എന്ന കവിതയെ കുറിച്ചാണ് ഈ പാഠഭാഗം. ഏറെ പ്രസിദ്ധമായ പൂതപ്പാട്ട് എന്ന കവിതയുടെ രചന പശ്ചാത്തലം വിവരിക്കുകയാണ് ഈ പാഠഭാഗത്ത്. ഓൾ ഇന്ത്യ റേഡിയോ കോഴിക്കോട് നിലയത്തിൽ ഒരു കവിത വായിക്കാൻ ആവശ്യപ്പെടുകയും അതിന്റെ സ്ക്രിപ്റ്റ് അയക്കാനുള്ള നിർദ്ദേശം വരികയും ചെയ്തു. എഴുതാൻ ധാരാളം സമയമുണ്ട് എന്നായിരുന്നു കവി വിചാരിച്ചിരുന്നത്. എന്നാൽ സ്ക്രിപ്റ്റ് അയക്കാനുള്ള നിർദ്ദേശം വന്നപ്പോൾ ആകെ പരിഭ്രമം ആയി. എഴുതാനുള്ള മോഹമുണ്ടെങ്കിലും ഏകാഗ്രതയും ഓർമ്മയും സമയം ലഭിക്കാതെ കൈവരികയും ചെയ്തു.

അങ്ങനെ അസ്വസ്ഥനായി വയലിലേക്ക് മറ്റു നോക്കുമ്പോൾ എഴുതാനുള്ള ഒന്നും കടന്നു വരുന്നില്ല. പാടത്തെ പണിക്കാരും ശബ്ദ കലഹങ്ങളും എഴുത്തിൽ അസ്വസ്ഥത ജനിപ്പിക്കുകയും ചെയ്തു. എന്നാൽ അതിന്റെ അപ്പുറത്തു നിന്നും തുടി ശബ്ദം കവി കേൾക്കുകയും പഴയ ഭൂതകാല സ്മരണയിലേക്ക് കവിയെത്തപ്പെടുകയും ചെയ്തപ്പോഴാണ് പൂതപ്പാട്ട് എന്ന കവിത എഴുതുന്നത്. പഴയകാല നാടോടി വാമൊഴി കഥയുടെ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഈ കവിത തുടങ്ങുന്നത്. നാട്ടിൻപുറങ്ങളിലെ വിവിധ ദേവതകളോടും മറ്റും കെഞ്ചുകയും കലഹിക്കുകയും ചെയ്യുന്ന ശൈശവ ബാല്യങ്ങൾ ഇപ്പോഴും മണ്ണിൽ ഉണ്ട്. ആ ബാലഭാവനയും മുൻനിർത്തി കൊണ്ടാണ് കവിത വികസിക്കുന്നത്. വീട്ടുമുറ്റത്ത് ആചാരങ്ങളുടെയും ഉത്സവങ്ങളുടെയും ഭാഗമായി ഭൂതം കടന്നുവരുമ്പോൾ കൊതി തീരാതെ നോക്കിനിൽക്കുന്ന അല്പം പേടിയോടെ നോക്കി നിൽക്കുന്ന അമ്മയുടെ മറവിൽ ഒളിച്ചിരിക്കുന്ന കുട്ടിയുടെ കഥയാണ് ഈ കഥ. ഒരു രാത്രിക്ക് ശേഷം ഈ ഭാവനകളെ മുൻനിർത്തി കവി എഴുതാൻ തുടങ്ങുകയും അനായാസമായി കവിത എഴുതുകയും ചെയ്തു. കവിതയുടെ ഇടയിൽ വിവരണങ്ങൾ കൊണ്ട് കവിത എഴുതി. ഈ കവിത സ്വയം വായിക്കാൻ ഒട്ടും ആത്മവിശ്വാസം ഇല്ലാതിരുന്ന കവി ആകാശവാണിയിൽ കവിത വായിക്കുമ്പോഴും ഒട്ടും തൃപ്തി അല്ലായിരുന്നു.

- <u>മാമ്പഴം – വൈലോപ്പിള്ളി ശ്രീധരമേനോൻ</u>

മലയാളത്തിന്റെ എക്കാലത്തെയും പ്രിയപ്പെട്ട കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ.മാമ്പഴം എന്ന കവിത എഴുതുന്നതിനു മുൻപ് കവിക്ക് ഉണ്ടായ പ്രശ്നങ്ങളെ കുറിച്ച് കവി തന്നെ സംസാരിക്കുകയാണ് നമ്മളോട്.1936 മാതൃഭൂമി ഓണപ്പതിപ്പിൽ മാമ്പഴം എന്ന കവിത പ്രസിദ്ധീകരിക്കറിച്ചു. ഓണപ്പതിലേക്ക് കവിത വേണം എന്ന് വളരെയധികം ആഗ്രഹിച്ചിരുന്നു. ഏത് എഴുതണമെന്നും എന്റെ എഴുതണമെന്നും കവി കുറേ ആലോചിച്ചു.

ആ സമയത്താണ് കവി തന്നെ പ്രിയപ്പെട്ട അനുജനായ കൃഷ്ണൻകുട്ടി മരിച്ചത് ഓർക്കുന്നത്. അനിയനെ വയ്യാതെ ആവുകയും വൈദ്യനെ പോയി വിളിക്കുന്നതും തിരിച്ചുവരുമ്പോൾ മരണപ്പെട്ടു കിടക്കുന്ന അനിയനെ നോക്കി അമ്മയും താനും ഒരു മൂലയിൽ മാറിയിരുന്ന് കരഞ്ഞത് കവിയോർക്കുന്നു. അതിന്റെ ഒപ്പം തന്നെ മുറ്റത്ത് നിൽക്കുന്ന മാവും അമ്മയുടെ സ്നേഹവത്സലങ്ങളും കൂട്ടിക്കൊണ്ടുവരാൻ ശ്രമിച്ചു.

സ്കൂളിൽ പഠിപ്പിക്കുന്ന സമയത്ത് ട്യൂഷൻ വരാറുണ്ടായിരുന്ന രാഘവൻ എന്ന വിദ്യാർത്ഥിക്ക് കവിത വായിച്ചു കേൾക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ആ കവിത

വായിക്കാനുള്ള യോഗമില്ലാതെ അവൻ മരിക്കുകയും ചെയ്യുന്നു. തന്റെ രചന മറ്റൊരാൾ വായിക്കുന്നതിന് വളരെ എതിർപ്പുള്ള വ്യക്തിയായിരുന്നു കവി. മാതൃഭൂമിയിൽ കവിത പ്രസിദ്ധീകരിച്ചതിനുശേഷം പല കവികളും തന്നെ അഭിനന്ദിച്ചത് കവി ഓർക്കുന്നുണ്ട്.ഇപ്പോഴും മലയാളികളുടെ മനസ്സിൽ മാമ്പഴം എന്ന കവിത സ്നേഹ വാത്സല്യങ്ങളുടെ മുമ്പിലേക്ക് കടന്നു വരുന്നു.

- **<u>പെണ്ണും പുലിയും- വൈലോപ്പിള്ളി ശ്രീധരമേനോൻ</u>**

നാട്ടുവാമൊഴി കഥയുടെ മറ്റൊരു കഥാരൂപമാണ് പെണ്ണും പുലിയും എന്ന കവിത. കഥാകവിത എന്നും ഇതിന് പറയാം. രണ്ടുതരത്തിൽ വ്യത്യസ്തമായ രീതിയിൽ അവസാനിക്കുന്ന കഥാഭാഗമാണ് പെണ്ണും പുലിയും എന്ന കവിതയിൽ കാണുന്നത്. വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതിയ കഥാകവിതയാണ് പെണ്ണും പുലിയും ഒരു വാമൊഴിക്കാതെ അടിസ്ഥാനമാക്കിയാണ് ഇത് രചിച്ചത്. ഈ കവിതയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ കണ്ട കവിതയുടെ ക്ലൈമാക്സ് പൊതുവേ ശുഭകരമായ പര്യവസരം ആഗ്രഹിക്കുന്ന കഥാകഥകൾക്കും കഥപറച്ചിൽ കാർക്കും കേൾവിക്കാർക്കും ഇഷ്ടപ്പെട്ടില്ല. ചോരയിൽ അവസാനിക്കുന്ന ഈ കവിത മാറ്റിയെഴുതണം എന്ന് പല സുഹൃത്തുക്കളും അഭ്യർത്ഥിച്ചു. അഭ്യർത്ഥന മാനിച്ച് ക്ലൈമാക്സ് മാറ്റി എഴുതിയ ഒരു ചരിത്രം ഈ കവിതയ്ക്ക് ഉണ്ടായി. അമ്മാളു എന്ന പെൺകുട്ടി ആസ്പദമാക്കിയിട്ടാണ് ഈ കവിത കടന്നുവരുന്നത്. ഏഴ് ആങ്ങളമാർ ഉള്ള അമ്മാളുവിന്റെ വീട്ടിൽ ആങ്ങളമാരുടെ ഭാര്യമാരുടെ വീട്ടിലാണ് ആങ്ങളമാർ താമസിക്കുന്നത്.

ഒരു ദിവസം അമ്മാളു കാട്ടിലേക്ക് പോവുകയും. കാടിനുള്ളിൽ വച്ച് നാല് പുലിക്കുട്ടികളെ കണ്ണെഴുതിക്കുകയും ഭക്ഷണമൊട്ടുകയും ചെയ്തു. പുലിയുടെ അമ്മയ്ക്ക് ഇതൊന്നും ഇഷ്ടമായിരുന്നില്ല. പുലി ഇത് ചോദ്യം ചെയ്യാൻ അവളുടെ വീട്ടിലേക്ക് പോവുകയും മാളു വിറച്ചുകൊണ്ട് കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. സ്നേഹനിധിയായ അമ്മാളുവിന്റെ മനസ്സ് മനസ്സിലാക്കി പുലി തന്റെ മക്കളുടെ അമ്മയാകാൻ വേണ്ടി എല്ലാ ആങ്ങളമാരോടും അനുവാദം ചോദിക്കുകയാണ് ചെയ്യുന്നത്. അമ്മാളുവിനെ നോക്കാൻ ആരും തയ്യാറാവുന്നില്ല. മാത്രമല്ല ഏഴാമത്തെ ആങ്ങളയുടെ അടുത്ത് ചെന്നപ്പോൾ അമ്മാളുവിനെ നോക്കാമെന്ന് ആങ്ങള പറയുകയും. അമ്മളവിന്റെ കല്യാണത്തിന് തന്നെയും ക്ഷണിക്കണമെന്ന് പുലി പറയുകയും ചെയ്തു. മാത്രമല്ല കല്യാണസമയത്ത് ആങ്ങള ഈ കാര്യം മറക്കുകയും വിവാഹശേഷം പുലി വന്ന് ഇവരെ ആക്രമിക്കുകയും ചെയ്യുന്നതോടെ കവിത അവസാനിക്കുകയാണ്. രണ്ടാം ഭാഗം അതിൽ നിന്നും വ്യത്യസ്തമായാണ് കവിത പൂർത്തീകരിക്കുന്നത്.

## മൊഡ്യൂൾ 3

- **ഒരു കഥ ജനിക്കുന്നു എം ടി വാസുദേവൻ നായർ**

ഗ്രന്ഥകാര പരിചയം : മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ. നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ, സാഹിത്യകാരൻ, നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തൻ. മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന് മുഴുവൻപേര്. മലയാളസാഹിത്യ ത്തിലും ചലച്ചിത്രരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എം.ടി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. അദ്ധ്യാപകൻ, പത്രാധിപർ എന്നീ നിലകളിലും പ്രവർത്തിച്ചു. 1933 ജൂലൈ 15 ന് പൊന്നാനിതാലൂക്കിലെ കൂടല്ലൂരിൽ ജനിച്ചു. കോപ്പൻ മാസ്റ്ററുടെ കുടിപ്പള്ളിക്കൂടത്തിലാണ് വിദ്യാഭ്യാസം ആരംഭിച്ചത്. പിന്നെ, മലമക്കാവ് എലിമെൻ്ററി സ്കൂളിലും കുമരനെല്ലൂർ ഹൈസ്കൂളിലും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പാലക്കാട് വിക്ടോറിയ കോളേജിൽ രസതന്ത്രം ഐച്ഛിക വിഷ യമായെടുത്ത് ഉപരിപഠനം നടത്തി. സ്കൂൾവിദ്യാഭ്യാസകാലത്തു തന്നെ സാഹിത്യരചന തുടങ്ങി. വിക്ടോറിയ കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ 'രക്തം പുരണ്ട മൺതരികൾ' എന്ന ആദ്യത്തെ കഥാസമാഹാരം പുറത്തിറങ്ങി. 1954-ൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോകചെറുകഥാമത്സര ത്തിൻ്റെ ഭാഗമായി കേരളത്തിൽ മാതൃഭൂമി നടത്തിയ കഥാ മത്സരത്തിൽ എം.ടി യുടെ 'വളർത്തുമൃഗങ്ങൾ' എന്ന കഥ ഒന്നാം സ്ഥാനം നേടി. ഇതോടെയാണ് മലയാളസാഹിത്യത്തിൽ അദ്ദേഹം ശ്രദ്ധേയനായിത്തീർന്നത്.

1957-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സബ് എഡിറ്ററായി ചേർന്നു. 'പാതിരാവും പകൽവെളിച്ചവും' എന്ന ആദ്യനോവൽ ഈ സമയത്താണു ഖണ്ഡശഃ പുറത്തുവന്നത്. ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ 'നാലുകെട്ട്' ആണ്. 1963-64 കാലത്ത് സ്വന്തം കഥയായ 'മുറപ്പെണ്ണ്' തിരക്കഥ യായെഴുതി എം.ടി. ചലച്ചിത്രലോകത്തു പ്രവേശിച്ചു. അമ്പതില ധികം തിരക്കഥകളെഴുതി നിർമ്മാല്യം, കടവ്, ബന്ധനം, ഒരു ചെറുപുഞ്ചിരി, മഞ്ഞ് എന്നീ സിനിമകളും തകഴി, മോഹിനി യാട്ടം എന്നീ ഡോക്യുമെൻ്ററികളും സംവിധാനം ചെയ്തു. മാതൃ ഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ, കേരള സാഹിത്യ അക്കാദമി അദ്ധ്യക്ഷൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 1999 -ൽ മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസ്ഥാനത്തു നിന്നു വിരമിച്ചു. 1993 മുതൽ തുഞ്ചൻ സ്മാരകസമിതി അദ്ധ്യ ക്ഷനായി പ്രവർത്തിച്ചു വരുന്നു.

പ്രധാന കൃതികൾ : നോവലുകൾ: മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്,

വിലാപയാത്ര, പാതിരാവും പകൽ വെളിച്ചവും, അറബിപ്പൊ ന്ന് (എൻ.പി.മുഹമ്മദുമായിചേർന്നെഴുതിയത് ), രണ്ടാമൂഴം, വാരണാസി.

കഥകൾ: ഇരുട്ടിന്റെ ആത്മാവ് ഓളവും തീരവും, കുട്ട്യേടത്തി,

വാരിക്കുഴി, പതനം, ബന്ധനം, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്ര സ്ഥം, ദാർ-എസ്-സലാം, രക്തം പുരണ്ട മൺ തരികൾ, വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക്ക്, ഓപ്പോൾ, നിൻ്റെ ഓർമ്മയ്ക്ക്, വിത്തുകൾ, കർക്കിടകം, വില്പന, ചെറിയ ചെറിയ ഭൂകമ്പങ്ങൾ, പെരുമഴയുടെ പിറ്റേന്ന്, കല്പാന്തം, കാഴ്ച, ശിലാലിഖിതം

തിരക്കഥകൾ: ഓളവും തീരവും, മുറപ്പെണ്ണ്, വിൽക്കാനുണ്ട് സ്വപ്നങ്ങൾ, നഗരമേ നന്ദി, അസുരവിത്ത്, പകൽക്കിനാവ്, ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, ഇടവഴിയിലെ പൂച്ച

മിണ്ടാപ്പൂച്ച, എവിടെ യോ ഒരു ശത്രു, വെള്ളം, പഞ്ചാഗ്നി, നഖക്ഷതങ്ങൾ, അമൃതം ഗമയ, ആരൂഢം, ആൾക്കൂട്ടത്തിൽ തനിയെ, അടിയൊഴുക്കുകൾ, ഉയരങ്ങളിൽ, ഋതുഭേദം, വൈശാലി, ഒരു വടക്കൻ വീരഗാഥ, പെരുന്തച്ചൻ, താഴ്വാരം, സുകൃതം, പരിണയം, എന്റെ സ്വന്തം ജാനകിക്കുട്ടി (ചെറിയ ചെറിയ ഭൂകമ്പങ്ങൾ എന്ന ചെറുകഥയെ ആശ്രയിച്ച്), തീർത്ഥാടനം (വാനപ്രസ്ഥം എന്ന ചെറുകഥയെ ആശ്രയിച്ച്), പഴശ്ശിരാജ, ഒരു ചെറുപുഞ്ചിരി.ഗോപുരനടയിൽ എന്ന നാടകവും കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഹെമിംഗ്വേ ഒരു മുഖവുര എന്നീ പ്രബന്ധങ്ങളും, ജാലകങ്ങളും കവാടങ്ങളും, വൻകടലിലെ തുഴവള്ള ക്കാർ, അമ്മയ്ക്ക്, മുത്തശ്ശിമാരുടെ രാത്രി, രമണീയം ഒരു കാലം, ആൾക്കൂട്ടത്തിൽ തനിയെ, മനുഷ്യർ നിഴലുകൾ എന്നീ യാത്രാവിവരണവുമാണ് മറ്റു പ്രധാനകൃതികൾ.

സാഹിത്യത്തിലും സിനിമയിലുമായി നിരവധി പുരസ് കാരങ്ങൾ നേടി. ആദ്യനോവലായ 'നാലുകെട്ടി'ന് കേരളാ സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 'സ്വർഗ്ഗം തുറക്കുന്ന സമയം', 'ഗോപുരനടയിൽ' എന്നീ കൃതികൾക്കും കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 'കാലം' (1970 കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്), 'രണ്ടാമൂഴം' (1985 വയലാർ അവാർഡ്), വാനപ്രസ്ഥം (ഓടക്കുഴൽ അവാർഡ്), എന്നീ കൃതികൾക്കും പുരസ്കാരം ലഭിച്ചിട്ടുണ്ട്. 2005-ൽ മാതൃ ഭൂമി പുരസ്കാരവും ലഭിച്ചു. ദേശാഭിമാനി സാഹിത്യപുരസ്കാ രവും നേടി. മലയാളസാഹിത്യത്തിനു നൽകിയ അമൂല്യ സംഭാവനകൾ കണക്കിലെടുത്ത് 1996-ൽ കാലിക്കറ്റ് സർവ്വ കലാശാല ബഹുമാനസൂചകമായി ഡി.ലിറ്റ്. ബിരുദം നൽകി ആദരിച്ചു. 1995-ലെ ജ്ഞാനപീഠ പുരസ്കാരം അദ്ദേഹത്തിനു ലഭിച്ചു. 2005-ൽ ഭാരതസർക്കാറിൻ്റെ പത്മഭൂഷൺ ലഭിച്ചു. 2011 ൽ എഴുത്തച്ഛൻ പുരസ്കാരവും 2013-ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പും നേടി.

<u>പാഠസംഗ്രഹം</u>

വൈയക്തികാനുഭവങ്ങളും സാമൂഹ്യാനുഭവങ്ങളും പല രും പല കാലങ്ങളിലായി പലമട്ടിലും എഴുതിവെച്ചിട്ടുണ്ട്. അവയെല്ലാം സർഗാത്മക ലോകത്തിൻ്റെ തുടിപ്പുകളായി അട യാളപ്പെട്ടിട്ടുമുണ്ടാവാം. ജീവിതത്തിൻ്റെ നിമിഷങ്ങളിൽനിന്ന് സർ ഗാത്മക പ്രക്രിയയുടെ വിഭവസ്രോതസ്സായി കലാകാരനും എഴു ത്തുകാരനും കണ്ടെടുക്കുന്നതെന്താണ്? എങ്ങനെയാണ് അവ യോഗ്യമായ ഒരു സർഗ്ഗസൃഷ്ടിയായി മാറുന്നത്? ഏതേതു രചനാ തന്ത്രങ്ങളാണ് അവർ ഉപയോഗപ്പെടുത്തിയിരിക്കുന്നത്? ഇത്തരം കാര്യങ്ങളെല്ലാം വായനക്കാരെ സംബന്ധിച്ച് ആകാംക്ഷയുള്ള സംഗതികളാണ്. എഴുത്തുകാർ അവരുടെ രചനകൾ രൂപപ്പെട്ടു സർഗാത്മകതയും സാഹിത്യവും.

വരാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്നത് അവരുടെ സർഗ്ഗസൃഷ്ടിപോലെ തന്നെ സർഗാപരമായ ഒരു രചനയാണ്. അത്തരം രചനകളെയാണ് പഠനപ്രവർത്തനത്തിന്റെ ഭാഗമായി നാം പരിചയപ്പെടുന്നത്.

എഴുത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും എഴുത്തുകാര ൻ്റെ രചനാതന്ത്രങ്ങളെക്കുറിച്ചും എം ടി എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് 'കാഥികൻ്റെ പണിപ്പുര'. അതിലെ ഒരധ്യായമാണ് ഒരു കഥ ജനിക്കുന്നു എന്ന പാഠഭാഗം. ചെറുകഥയുടെ രചനാ തന്ത്രങ്ങളെ സംബന്ധിച്ചും അതിൻറെ ശില്പവൈദഗ്ധ്യത്തെക്കു റിച്ചുമാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്. പ്രധാനമായും 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയുടെ രചനാ പശ്ചാത്തലമാണ് അദ്ദേഹം വിവരിക്കുന്നത്.

അതോടൊപ്പം തന്നെ മറ്റുചില കഥ കളും പരാമർശവിധേയമാകുന്നുണ്ട്. സ്വാനുഭവം കഥയായി മാറുന്നത് എങ്ങനെയാണ് എന്ന് അദ്ദേഹം ഈ ലേഖനത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു.

സാഹിത്യ രചന ഒരു ഓഫീസ് ജോലിപോലെ ചെയ്തു വരുന്നവരെക്കുറിച്ച് പറഞ്ഞു കേട്ടിട്ടുണ്ട്. അവരോട് തനിക്ക് അസൂയയാണുള്ളത് എന്ന് എം ടി സൂചിപ്പിക്കുന്നു. ചിലപ്പോഴൊക്കെ പത്രക്കാരുടെ അപേക്ഷയും ഭീഷണിയും സമ്മർദ്ദവും ഒക്കെ വരുമ്പോൾ പേനയും കടലാസും എടുത്ത് എഴുതാനി രിക്കും എങ്കിലും അത്തരം സാഹചര്യങ്ങളിലൊന്നും ഒരു സർഗ്ഗരചന നിർവഹിക്കാൻ സാധിച്ചിട്ടില്ല എന്നാണ് അദ്ദേഹം പറയുന്നത്. അതേസമയം ഒരു മുന്നൊരുക്കവുമില്ലാതെ നിഷ്പ്ര യാസം കഥയെഴുതി തീർക്കാനും സാധിച്ചിട്ടുണ്ട്. അപ്പോൾ എങ്ങനെയാണ്, എപ്പോഴാണ് എഴുതാൻ സാധിക്കുക എന്ന് മുൻ കൂട്ടി പറയാൻ സാധിക്കുകയില്ല പൂർണ്ണമായും മനസ്സിൽ എഴുതിയ ഒരു കഥ കടലാസിലേക്ക് പകർത്തുമ്പോഴും വിചാരിക്കാത്ത സന്ദർഭങ്ങളും വ്യത്യാസങ്ങളും അതിൽ വന്നെന്നും വരാം. അങ്ങനെ അവിചാരിതമായി രചിക്കപ്പെട്ടതാണ് പല കഥകളും സന്ദർഭങ്ങളും എന്ന് എം ടി നിരീക്ഷിക്കുന്നു. എഴുത്ത് ആരംഭിക്കുന്നതിനു മുമ്പ് തന്നെ കഥയുടെ പൂർണ്ണരൂപം മനസ്സിൽ രൂപപ്പെ ടുത്തണമെന്നും കഥാപാത്രങ്ങളും സംഭാഷണങ്ങളും ചുറ്റുപാടുകളും ഭാവങ്ങളും എല്ലാം കൃത്യമായ ധാരണയോടുകൂടി മനസ്സിലു ണ്ടാവണമെന്നും എം ടി പറയുന്നു. തുടക്കവും അവസാനവും കഥയുടെ പേരും കൂടി തീരുമാനിച്ച ശേഷമാണെങ്കിൽ പിന്നെ പകർത്തി എഴുതിയാൽ മാത്രം മതി. പക്ഷേ, എല്ലാ കൃതികളും അങ്ങനെ ഉണ്ടായതല്ല. മേൽ സൂചിപ്പിച്ചതുപോലെ അപ്രതീക്ഷി തമായി എഴുതപ്പെട്ട രചനകളും ഏറെ ശ്രദ്ധിക്കപ്പെട്ടവയായി തീർന്നിട്ടുണ്ട്.

സാമാന്യമായ ഒരു നിയമവും കഥയെഴുത്തിനില്ല. എംടി യെ സംബന്ധിച്ച് മുൻകൂട്ടി നിശ്ചയിച്ച ഒരു പദ്ധതിയും കഥയെ ഴുത്തിൽ നടന്നിട്ടില്ല. കഥയെഴുതണം എന്ന ഒരാഗ്രഹവുമില്ലാതെ കുറെ രാത്രികളിൽ തുടർച്ചയായി ബൈബിൾ വായിച്ച അനുഭവത്തിൽ നിന്നും രൂപപ്പെട്ട കഥയാണ് 'അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ'. യേശുവിനെയും 30 വെള്ളി കാശിനു വേണ്ടി യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിനെയും മനസ്സിൽ ഓർത്തു. ദൈവപുത്രനും യൂദാസും വീണ്ടും കണ്ടുമുട്ടിയിരു ന്നെങ്കിൽ എന്ന ചിന്ത മനസ്സിലൂടെ കടന്നുപോയി. വഞ്ചനയുടെ കയ്പ്പ് മനസ്സിൽ ഉണ്ടായിരുന്നതുകൊണ്ട് ആ കഥാപാത്രങ്ങ ളിലൂടെ അവരുടെ മാനസിക വ്യാപാരത്തിലൂടെ സഞ്ചരിക്കാൻ കഥാകൃത്തിന് സാധിച്ചതുകൊണ്ട് വളരെ എളുപ്പത്തിൽ മണിക്കൂറുകൾക്കുള്ളിൽ ആ കഥ എഴുതിത്തീർന്നു. അതുപോലെ തന്റെ ഗ്രാമത്തെക്കുറിച്ചുള്ള ആലോചനയ്ക്കിടയിൽ, ആത്മഹത്യ ചെയ്ത ഒരു മീനാക്ഷി ഏടത്തിയെ ഓർമ്മവന്നതിന്റെ പ്രതി ഫലനമെന്നോണം മാനസികമായ അധ്വാനമൊന്നും കൂടാതെ എഴുതിയ കഥയാണ് 'കുട്ട്യേടത്തി.' അതേസമയം, വളരെയേറെ പരിശ്രമിച്ച് എഴുതിയ കഥ പരാജയപ്പെട്ടു എന്നും പെട്ടെന്നുണ്ടായ കഥ വിജയിച്ചു എന്നും വരാം.

എം ടിക്ക് ഏറെ ഇഷ്ടപ്പെട്ട 'ഇരുട്ടിന്റെ ആത്മാവ്' എന്ന കഥയുടെ രചന പശ്ചാത്തലവും വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന് നേരിട്ട് അറിയുമായിരുന്നു, ഒരു ഭ്രാന്തൻ വേലായുധനെ. വേലാ യുധേട്ടൻ എന്ന വിളിക്കുന്ന അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മക ളിൽ നിന്നാണ് ആ കഥ ഉണ്ടാവുന്നത്. തന്റെ കഥാ ജീവിതത്തിൽ ഒട്ടേറെ കഥകൾ എഴുതിയിട്ടുണ്ടെങ്കിലും എഴുതിക്കഴിഞ്ഞപ്പോൾ കരയിപ്പിച്ച ഒരു കഥ മാത്രമേയുള്ളൂ, അത് 'നിൻ്റെ ഓർമ്മയ്ക്ക്' എന്ന കഥയാണ് എന്ന് അദ്ദേഹം കുറിക്കുന്നു. സ്വന്തം ജീവിതത്തിൽ നിന്നും ചീന്തി സർഗാത്മകതയും സാഹിത്യവുംയെടുത്ത ഒരു ഏടാണത്.

സഹോദരിമാരില്ലാതെയാണ് എംടി വളർന്നത്. ജോലി സംബന്ധമായി സിലോണിലേക്ക് പോയ അച്ഛൻ തിരിച്ചുവരുമ്പോൾ കൂടെ കൂട്ടിയ പെൺകുട്ടിയെ കുറി ച്ചുള്ള വേദന നിറഞ്ഞ ഓർമ്മയാണ് ഈ കഥയുടെ അടിസ്ഥാനം. ഒരു സഹോദരി വന്നു കയറിയതിൻ്റെ സന്തോഷമാണ് ബാലനായ എംടിക്ക് ഉണ്ടായിരുന്നത്. എന്നാൽ വീട്ടിൽ അതൊരു ഭൂക മ്പമാണ് ഉണ്ടാക്കിത്. ആ കുട്ടിയെ ചൊല്ലിയുള്ള കലഹവും ബഹ ളവും കുടുംബത്തിലെ സംഘർഷത്തിന് കാരണമായി. തന്റെ മന സ്സിന് ഉൾക്കൊള്ളാൻ പറ്റാത്ത എന്തൊക്കെയോ പ്രശ്നങ്ങൾ അവരുടെ വരവിലും ആ കുട്ടിയിലും ഉണ്ടായിരുന്നു എന്ന് എംടി മനസ്സിലാക്കുന്നു. അധിക ദിവസം കഴിയുന്നതിനു മുമ്പേ അച്ഛൻ ആ കുട്ടിയെയും കൂട്ടി തിരിച്ചു പോയി. പിന്നീട് ഒരിക്കലും അവളെ കാണാൻ ഇടവന്നിട്ടില്ല.

ഏറെ വർഷങ്ങൾക്കുശേഷം ഒരു സുഹൃത്തിന്റെ സഹോ ദരിയുടെ കല്യാണത്തിന് പോയപ്പോൾ അവിടെവെച്ച് ആരോ പറയുന്നത് കേട്ടു, ആ സഹോദരിയുടെ വിവാഹം കഴിഞ്ഞു എന്ന്. ആ സന്ദർഭത്തിൽ കഴിഞ്ഞുപോയ കാര്യങ്ങളെല്ലാം എംടിയുടെ ഓർമ്മയിലേക്ക് തിരിച്ചെത്തുകയും അത് ഏതെങ്കിലും വിധ ത്തിൽ കഥയാകണം എന്ന് വിചാരിക്കുകയും ചെയ്. അങ്ങനെ യൊരു കഥ എഴുതുമ്പോൾ ആരുടെ പക്ഷത്തുനിന്നുകൊണ്ട് എഴുതണം എന്നതായിരുന്നു ഏറ്റവും വലിയ പ്രശ്നം. അമ്മയുടെയോ പെൺകുട്ടിയുടെ കാഴ്ചപ്പാടിലോ എഴുതേണ്ടത്? വീട്ടുകാർ തന്നെ മറന്നുപോയ ഒരു സംഭവം കഥയിലൂടെ അവതരിപ്പിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും എം ടിയെ അലട്ടി. ഏറ്റവും ഒടുവിൽ, കഥയെഴുതാതെ നിവൃത്തിയില്ല എന്ന് വന്നപ്പോൾ സംഭവങ്ങളുടെ ലോകത്തിൽ നിന്നും നേരിട്ട് കഥപറഞ്ഞാലോ എന്നാലോചിച്ചു. കഥ എഴുത്തിലെ ഏറ്റവും എളുപ്പമുള്ള ഒരു സങ്കേതമാണത്. തേർഡ് പേഴ്സണിൽ കഥ പറയുമ്പോൾ അങ്ങനെ ചില സൗകര്യങ്ങളൊക്കെയുണ്ട്. പക്ഷേ ഈ കഥയ്ക്ക് അത് യോജിക്കില്ല. അമ്മയെയോ അച്ഛനെയോ ആ സിംഹള പെൺകുട്ടിയെയോ കേന്ദ്രകഥാപാത്രമാക്കി എഴുതാ ൻ ആലോചിച്ചില്ലെങ്കിലും എഴുതി വന്നപ്പോൾ കഥയുടെ കേന്ദ്രം ഞാൻ എന്ന പത്തുവയസ്സായ ചെറുക്കനായി. ആ കുട്ടിയുടെ കാഴ്ചപ്പാടിലാണ് പിന്നീട് കഥയെഴുതി തീർത്തത്. "ജീവിതത്തിൽ നിന്ന് ഒരു ഏട്" എന്ന ശീർഷകമായിരുന്നു ആദ്യം നൽകിയി രുന്നത്. പുസ്തകത്തിൽ ചേർത്തപ്പോൾ 'നിൻ്റെ ഓർമ്മയ്ക്ക്' എന്നാക്കി മാറ്റുകയായിരുന്നു. ഗർഭത്തിലിരുന്ന് ഏറ്റവും അധികം തനിക്ക് നോവേൽപ്പിച്ച ഒരു കഥയുടെ പിറവി അങ്ങനെയാ യിരുന്നു എന്നാണ് ഈ കുറിപ്പിൽ എംടി രേഖപ്പെടുത്തുന്നത്.

- <u>കഥാകർത്തിയുടെ മറുപടി ലളിതാംബിക അന്തർജനം</u>

<u>ഗ്രന്ഥകാര പരിചയം</u>

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയ്ക്കടുത്ത് കോട്ടവട്ടത്ത് ശ്രീമൂലം പ്രജാസഭാ മെമ്പറായിരുന്ന കോട്ടവട്ടത്ത് ഇല്ലത്ത് കെ. ദാമോദരൻപോറ്റിയുടെയും നങ്ങയ്യ അന്തർജനത്തിന്റെയും മകളാ യി, 1909 മാർച്ച് 30ന് ജനിച്ചു. വീട്ടിലിരുന്ന് ഗുരുക്കന്മാരുടെ അടു ത്തുനിന്ന് സംസ്കൃതവും മലയാളവും പഠിച്ചു. ഇംഗ്ലീഷിലും ഹിന്ദി യിലും പരിജ്ഞാനം നേടി. ആദ്യത്തെ ചെറുകഥ 'മലയാള രാജ്യ' ത്തിൽ പ്രസിദ്ധപ്പെടുത്തിയ യാത്രാവസാനം. തിരുവിതാംകൂർ ഭാഗത്ത് നമ്പൂതിരി സമുദായത്തിൽ നടന്ന പരിഷ്കരണപരിപാ ടികളിൽ ആദ്യകാലത്ത് അന്തർജനം പങ്കെടുത്തിരുന്നു.

കൃതികൾ: മൂടുപടത്തിൽ, കാലത്തിന്റെ ഏടുകൾ, തകർന്ന തലമുറ, കിളിവാതിലിലൂടെ, കൊടുങ്കാറ്റിൽ നിന്ന്, കണ്ണീരി ന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, തിരഞ്ഞെടുത്ത കഥകൾ,

സത്യത്തിന്റെ സ്വരം, വിശ്വരൂപം, ധീരേന്ദ്ര മജ്ജുംദാറിന്റെ അമ്മ, പവിത്ര മോതിരം, മാണിക്കൻ മാറാലകൾ തുടങ്ങിയ കഥകളും അഗ്നിസാക്ഷി എന്ന നോവലും ആത്മകഥയ്ക്കൊരാമുഖം (ആത്മകഥ), ഗ്രാമബാലിക (ലഘു നോവൽ), പുനർജന്മം,വീരസം ഗീതം (നാടകം) കുഞ്ഞോമന, ഗോസായി പറഞ്ഞ കഥ (ബാല സാഹിത്യം) എന്നിവയുമടങ്ങിയതാണ് രചനാലോകം. 1973ൽ കേരളസാഹിത്യ അക്കാദമി അവാർഡ് (സീത മുതൽ സത്യവതി വരെ) ലഭിച്ചു. അഗ്നിസാക്ഷി എന്ന ഏക നോവലിന് 1977ലെ കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാ ദമി അവാർഡ്, ഓടക്കുഴൽ സമ്മാനം, ആദ്യത്തെ വയലാർ അവാ ർഡ് എന്നിവ ലഭിച്ചു. 1987 ഫെബ്രുവരി 6ന് അന്തരിച്ചു.

മലയാളകഥയുടെയും നോവലിന്റെയും നവോത്ഥാനത്തിൽ തന്റേതായ പങ്കുവഹിച്ച അനശ്വരകഥാകാരിയായ ലളിതാംബിക അന്തർജനം തൻ്റെ സർഗ്ഗജീവിതം എങ്ങനെ രൂപപ്പെ ട്ടുവെന്ന് വിശകലനം ചെയ്യുന്ന കൃതിയാണ് ആത്മകഥയ്ക്ക് ഒരാ മുഖം എന്ന ആത്മകഥ. 'ഒരു കലാകാരിയുടെ ജീവിതം മധുരം നിറഞ്ഞ നഞ്ചുപോലെ ഒരേസമയത്ത് ആസ്വാദ്യവും വേദനാജന കവുമായിരിക്കും' എന്ന് അവർ പറയുന്നതിൽ എല്ലാമുണ്ട്. സാമൂഹികജീവിയായ ഓരോ പെണ്ണിൻ്റെയും ജീവിതയാത്രക്ക് ഒരാമുഖവും വഴികാട്ടിയും സർവോപരി അവൾക്ക് ശക്തിപകരുന്ന അനുഭവസാക്ഷ്യവുമാണ്; കഴിഞ്ഞ നൂറ്റാണ്ടിലെ നമ്മുടെ സാഹിത്യത്തിൻ്റെയും സാംസ്കാരിക ജീവിതത്തിൻ്റെയും ചരിത്രം അഗാധമായി രേഖപ്പെടുത്തുന്ന ഈ ആത്മകഥ. ഇതിലെ ഒരധ്യായമാണ് കഥാകർത്തിയുടെ മറുപടി എന്ന പാഠഭാഗം. 1982 ഒക്ടോബർ ലക്കം തിലകം മാസികയിൽ (വാല്യം 1, ലക്കം 7) മഹാകവി ജി. ശങ്കരക്കുറുപ്പ് ഉന്നയിച്ചിരുന്ന ഒരു പ്രശ്നാവലിക്ക മറുപടിയായി എഴുതി, അതേ മാസികയിൽ പ്രസിദ്ധീകരിച്ച കുറിപ്പാണിത്.

<u>പാഠസംഗ്രഹം</u>

ലളിതാംബിക അന്തർജ്ജനം, താൻ കഥാകാരിയായ തന്റെ അനുഭവങ്ങൾ പങ്കുവെക്കുകയും ആദ്യകാലരചനയുടെ അനുഭവങ്ങളെ ഓർത്തെടുക്കുകയും തന്റെ രചനാലക്ഷ്യങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്ന ലഘുകുറിപ്പാണ് പാഠഭാഗം.

ജീവിതത്തിലുള്ള താല്പര്യമാണ് ജീവിതാവിഷ്കരണ ത്തിനും പ്രേരണ നൽകുന്നത്. ജീവിതപ്രേമത്തിൽ നിന്നാണ് കലാസൃഷ്ടികൾ ഉടലെടുക്കുന്നത്. യാഥാർത്ഥ്യത്തിൻ്റെ സത്യസ ന്ധതയും ഭാവനയുടെ നിറപ്പകിട്ടും ഒന്നുചേർന്ന് സ്വപ്ന സാന്ദ്രമായ ആ പശ്ചാത്തലത്തിലാണ് സാഹിത്യചോദന ഉറവെ ടുക്കുന്നത്. ഭാവനയിൽ കിടന്നു കുരുത്ത് യാഥാർത്ഥ്യത്തിലേക്ക് വളർന്നെങ്കിലേ അത് കലാസൃഷ്ടി ആകുന്നുള്ളൂ എന്ന് ഗ്രന്ഥകാരി സൂചിപ്പിക്കുന്നു.

ലളിതാംബിക അന്തർജ്ജനം എഴുതിത്തുടങ്ങിയത് കവിതയാണ്. കഥനകൗതുകത്തിനും വിചാരത്തിനും അതിൽ സ്ഥാനമില്ലാത്തതുകൊണ്ട് പറയാനുള്ളത് പറയാൻ ഒരു മാർഗ്ഗം തെളിഞ്ഞുവരും. അങ്ങനെ തെളിഞ്ഞു വന്നാണ് താൻ കഥാ കർത്തി ആയത് എന്നാണ് അവർ സൂചിപ്പിക്കുന്നത്. അവരുടെ ആദ്യത്തെ കഥയാവട്ടെ, ഒരു നോവലായിരുന്നു. പതിനാലോ പതിനഞ്ചോ വയസ്സ് പ്രായമുള്ളപ്പോൾ ടാഗോറിന്റെ 'വീട്ടിലും പുറത്തും' എന്ന നോവൽതർജ്ജമ വായിച്ച് അതിൽനിന്നും പ്രചോദനം

ഉൾക്കൊണ്ടാണ് ഒരു നോവൽ എഴുതിത്തുടങ്ങിയത്. ആ നോവലിലെ കഥാപാത്രങ്ങൾ തന്റെ വീട്ടുകാരായി തോന്നി. അക്കാലത്ത് അവരുടെ വീട്ടിൽ ദരിദ്രയായ ഒരു അന്തർജനം താമസിച്ചിരുന്നു. അവർ പല കഥകളും പറയുമായിരുന്നു. ആ കൂട്ടത്തിൽ ഒരു അനിയത്തിയുടെ കഥയും പറഞ്ഞു. പതിനാലാം വയസ്സിൽ വൃദ്ധനായ ഒരാളുടെ ഭാര്യയാവേണ്ടിവന്ന ഒരു പെൺ കുട്ടിയുടെ കഥ. അത് കഥാകാരിയെ വല്ലാതെ ഉലച്ചുകളഞ്ഞു. അതിന്റെ പശ്ചാത്തലത്തിലാണ് ആദ്യത്തെ കഥ എഴുതുന്നത്. അത് എവിടെയും പ്രസിദ്ധീകരിച്ചതൊന്നുമില്ല. തട്ടിൻപുറത്ത് കിടന്ന് ചിതലരിച്ചുപോയി.

മലയാളരാജ്യം ചിത്രവാരികയിൽ വന്ന 'യാത്രാവസാനം' എന്ന കഥയാണ് ആദ്യത്തെ പ്രസിദ്ധീകൃത രചന. അതും ഒരു കഥ വായിച്ച കേട്ടതിൻ്റെ സ്വതന്ത്ര അനുകരണമായിരുന്നു. സീതാ ദേവി ശതോബാധ്യായ മോഡേൺ റിവ്യൂവിൽ എഴുതിയി രുന്നതായിരുന്നു ആ കഥ. സാഹിത്യരംഗത്ത്, തന്നെ ഏറെ സ്വാധീനിച്ച എഴുത്തുകാരിൽ പ്രധാനി ടാഗോർ ആയിരുന്നു. സാഹിത്യത്തിലെ എൻ്റെ ദൈവം എന്നാണ് അവർ ടാഗോറിനെ കുറിച്ച് പറയുന്നത്. പൂത്തേഴത്ത് രാമ മേനോൻ, കല്യാണിയമ്മ എന്നിവരുടെ വിവർത്തനത്തിൽ കൂടിയാണ് അവർ ടാഗോറിനെ പരിചയപ്പെടുന്നത്. ബങ്കിംഗ് ചന്ദ്രൻ എന്ന ബംഗാളി എഴുത്തു കാരനും ശ്രീരാമകൃഷ്ണ പരമഹംസൻ്റെയും സ്വാമി വിവേകാ നന്ദന്റെയും പ്രേരണാശക്തിയും തൻ്റെ രചനയ്ക്ക് പിന്നിലുണ്ട് എന്ന് അവർ രേഖപ്പെടുത്തുന്നു.

ഒരു കഥാബീജം മുളപൊട്ടി വന്നാൽ പെട്ടെന്ന് എഴുതുന്ന ശീലമില്ല. അത് കുറേക്കാലം മനസ്സിൽ കിടന്നതിനു ശേഷം മാത്രമാണ് കഥയാകുന്നത്. താൻ കഥാബീജത്തിന്റെ അടിമയാ വുകയല്ല, കഥാബീജത്തെ താൻ അടിമയാക്കുകയാണ് എന്നാണ് അവരുടെ പക്ഷം. കഥാബീജം പിറന്നത് മുതൽ കഥ പിറക്കുന്ന ഘട്ടം വരെ മധുരതരമായ ഒരു അസ്വാസ്ഥ്യം താൻ അനുഭവിക്കു ന്നുണ്ട് എന്ന് അവർ രേഖപ്പെടുത്തുന്നു. യഥാർത്ഥ ജീവിത ത്തിലെ കാഴ്ചകളും അനുഭവങ്ങളുമാണ് സങ്കൽപ്പത്തിൽ പ്രതിഫലിച്ച് കലാരൂപമായി മാറുന്നത്. അങ്ങനെ എഴുതപ്പെട്ട 'കൊടുങ്കാറ്റിൽ പെട്ട ഇല' എന്ന കഥയും അതിലെ പഞ്ചാബി പെൺകിടാവും താൻ സവിശേഷമായി ഇഷ്ടപ്പെടുന്ന കഥാപാത്ര മാണ് എന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. അപഹൃതകളായ പെൺകുട്ടികളെ പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്ന ഒരു വാർത്തയാണ് ഈ കഥയ്ക്ക് ആധാരം. ആ കഥാപാത്രമാവട്ടെ തീർത്തും സങ്കൽപ്പിക സൃഷ്ടിയുമാണ്

(കഥയ്ക്കുവേണ്ടി പ്രത്യേകമായ ഒരു സാങ്കേതിക സമ്പ്രദാ യവും അവർ പിന്തുടരുന്നില്ല. അങ്ങനെ ഒരു ശ്രമം നടത്തി നോക്കിയെങ്കിലും വിഷയത്തിലുള്ള ശാസ്ത്രീയമായ അറിവി ല്ലായ്മ അതിൽനിന്നും പിന്തിരിപ്പിച്ചു. ഒരു നല്ല കഥാകൃത്തിന് കഥയില്ലായ്മ ഉണ്ടാവുകയില്ല എന്നാണ് അവർ വിശ്വസിക്കുന്നത്. സ്വന്തമായ ഒരു ജീവിത ദർശനം വെച്ചുകൊണ്ടല്ല പലരും എഴുതു ന്നത്. എഴുതിവരുമ്പോൾ അത് ഉണ്ടാവുകയാണ്. കഥയിലുടനീളം കഥാകൃത്തിന്റെ ജീവിതദർശനം പ്രകടമാവും എന്നാണ് അവരുടെ അഭിപ്രായം. ഏതെങ്കിലും ആശയങ്ങളോ ലക്ഷ്യങ്ങളോ പ്രചരി പ്പിക്കാനോ താൻ ഉദ്ദേശിച്ചിട്ടില്ല എന്നും സാഹിത്യത്തിന് അങ്ങ നെ ഒരു വശം ഉണ്ട് എന്നും അവർ പറയുന്നു. വായനക്കാർ ചെറുകഥകളിൽ നിന്ന് നോവലിലേക്ക് വായനാഭിരുചിയെ വളർ ത്തിയെടുത്തിട്ടുണ്ട് എന്ന് അവർ നിരീക്ഷിക്കുന്നു. പലരും ചെറു കഥാകൃത്തുക്കളിൽ നിന്ന് നോവലിസ്റ്റുകളായി

വളരുകയും ചെയ്തിട്ടുണ്ട്. അതിൽ ആർക്കാണ് വിജയം എന്നുള്ളത് പറയാ റായിട്ടില്ല. സാമുദായിക ജീവിതത്തിന്റെ ഇടുങ്ങിയതും ജീർണ്ണിച്ച തുമായ കഴക്കോലുകൾ പൊളിച്ച മാറ്റുന്നതോടെപ്പം അവിടെ പരിഷ്കൃതവും ആരോഗ്യകരവുമായ പുതിയ മന്ദിരം പണിയാ നുള്ള കരുക്കൾ ഇണക്കുന്നതും കലാപ്രവർത്തകരുടെ കടമയാണ് എന്നും ചെറുകഥയും കവിതയും നോവലും മറ്റു കലാസൃഷ്ടികളും എല്ലാം തന്നെ അതിനുള്ള ഉപാധിയാണ് എന്നും അവർ വെളിപ്പെടുത്തുന്നു.

- <u>ഖസാക്കിലെ സുന്ദരി ഒ വി വിജയൻ</u>

<u>ഗ്രന്ഥകാര പരിചയം</u>

മലയാളസാഹിത്യത്തിലെ ആധുനികതയ്ക്ക് അടിത്തറ പാകിയ എഴുത്തുകാരൻ, കാർട്ടൂണിസ്റ്റ്, ചെറുകഥാകൃത്ത് നോവ ലിസ്റ്റ്, കോളമെഴുത്തുകാരൻ പത്രപ്രവർത്തകൻ. 1930 ജൂലൈ രണ്ടിന് പാലക്കാട് ജില്ലയിലെ മങ്കരയിൽ ഓട്ടുപുലാക്കൽ വേലു ക്കുട്ടിയുടെയും കമലാക്ഷിയമ്മയുടെയും മകനായി ജനനം. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായി രുന്നു. പിന്നീട് അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് ശങ്കേഴ്സ് വീക്കി ലിയിലും പേട്രിയറ്റ് ദിനപത്രത്തിലും കാർട്ടൂണിസ്റ്റായി ജോലി ചെയ്തു. 1967 മുതൽ സ്വതന്ത്ര പത്രപ്രവർത്തകനായി. ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂ (ഹോങ്കോങ്ങ്), പൊളിറ്റിക്കൽ അറ്റ്ലസ്, ദി ഹിന്ദു, മാതൃഭൂമി, കലാകൗമുദി എന്നിവയ്ക്കു വേണ്ടി കാർട്ടൂൺ വരച്ചു. കലാകൗമുദിയിൽ പ്രസിദ്ധീകരിച്ച, 'ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം' എന്ന കാർട്ടൂൺ പരമ്പ രയും 'ഇന്ദ്രപ്രസ്ഥം' എന്ന രാഷ്ട്രീയവിശകലനപരമ്പരയും പ്രസി ദ്ധമാണ്.

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, വർഗ്ഗസമരം, സ്വത്വം, ഒരു പാനീയത്തിന്റെ രാഷ്ട്രീയം, ഒരു സിന്ദൂരപ്പൊട്ടിൻ്റെ ഓർമ്മ, സന്ദേഹിയുടെ സം വാദം, ഹൈന്ദവനും അതിഹൈന്ദവനും, അന്ധനും അകലങ്ങൾ കാണുന്നവനും, പ്രവാചകന്റെ വഴി, ഒ.വി. വിജയന്റെ ലേഖനങ്ങൾ തുടങ്ങിയ കൃതികൾ രചിച്ചു. അവസാനകാലത്ത് പാർക്കിൻ സൺസ് രോഗം ബാധിച്ചിരുന്നു. 2005 മാർച്ച് 30ന് അന്തരിച്ചു. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ വയലാർ അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചു. 2001 ൽ പത്മശ്രീയും 2003-ൽ പത്മഭൂഷണും ലഭിച്ചു

മലയാളത്തിലെ എക്കാലത്തെയും മികച്ച നോവലു കളിലൊന്നായ ഖസാക്കിന്റെ ഇതിഹാസത്തിലെ മൈമൂന എന്ന കഥാപാത്രത്തിന്റെ ഉള്ളറകളിലേക്ക് ഒവി വിജയൻ എന്ന നോവലിസ്റ്റു തന്നെ നമ്മെ കൊണ്ടുപോകുന്ന അനുഭവമാണ് 'ഖസാക്കി ലെ സുന്ദരി' എന്ന കുറിപ്പ് പങ്കുവെക്കുന്നത്. എം എൻ കാരശ്ശേരിയുമായുള്ള ഒരു സംഭാഷണത്തിലാണ് ഈ കഥാപാത്രം ഒരു വിഷയമായി വരുന്നത്. മൈമൂനയ്ക്ക് ആ ഗ്രാമത്തിൽ മാതൃകയില്ല, അല്ലേ? എന്നുള്ള കാരശ്ശേരിയുടെ ചോദ്യത്തിന് ഇല്ല എന്നായിരുന്നു നോവലിസ്റ്റിന്റെ ഉത്തരം. അവൾ നോവലിസ്റ്റിന്റെ വെറും സങ്കല്പമായിരുന്നു. സൗന്ദര്യത്തിന്റെ മൂർച്ഛ സങ്കൽപ്പത്തിലാണ് എന്നാണ് അദ്ദേഹം സുഹൃത്തിന് കൊടുക്കുന്ന മറുപടി. പ്രതിമ യിലും കവിതയിലും ഇതിഹാസത്തിലുമൊക്കെ നമുക്ക് അങ്ങനെ കാണാനാവും. മജ്ജയിലും മാംസത്തിലും സ്ത്രീയെ ഉൾക്കൊ ള്ളുമ്പോൾ അത് അപൂർണ്ണമായിരിക്കും. മൈമുന എന്ന കഥാ പാത്രം സ്ത്രീസങ്കല്പത്തിന്റെ ഏറ്റവും പൂർണ്ണിമയായ രൂപമാണ്. കഥാകൃത്തിന്റെ

സംയമനത്തിലും ജ്ഞാനത്തിലും പിറവികൊണ്ട ഒരു കഥാപാത്രമാണ് അവൾ. ശരീരമുള്ള ഒരു കാമുകിക്കും പകർന്നുതരാനാവാത്ത സ്ത്രീസമൃദ്ധിയാണവൾ. ബാലമനസ്സു തൊട്ട് വാർദ്ധക്യം വരെ നമ്മുടെ കൂടെയുള്ള സ്ത്രീ ശരീരങ്ങളെ പ്പോലെ ആയിരുന്നില്ല മൈമൂന. എഴുത്തുകാരന്റെ മനസ്സിൽ സ്വപ്നസമാനമായി രൂപപ്പെട്ട, ഒരു ശരീരം കൊണ്ടും ചേർത്തു വയ്ക്കാനോ സങ്കൽപ്പിക്കാനോ പറ്റാത്ത ഒരു സ്ത്രൈണ സങ്ക ല്പമായിരുന്നു നോവലിസ്റ്റിന് മൈമൂന. ആ കഥാപാത്രത്ത യാണ് നോവലിൽ ഖാലിയാരുടെ പ്രണയിനിയാക്കിയത്, മുങ്ങാ ങ്കോഴി എന്ന ഉരുപ്പിടിച്ച മനുഷ്യൻ്റെ ഭാര്യയാക്കിയത്, രവിക്ക് എല്ലാവിധത്തിലും സാന്ത്വനമായത്. സ്ത്രീത്വത്തിന് പുറകെയുള്ള ജാഗരൂകമായ അന്വേഷണത്തിൽ ഇവരെയെല്ലാം പങ്കാളിക ളാക്കിയത് എന്തിന് എന്ന് താൻതന്നെ ഓർത്തുപോയിട്ടുണ്ട് എന്നാൽ നോവലിസ്റ്റ് രേഖപ്പെടുത്തുന്നു.

സ്ത്രൈണതയുടെ അനുഭൂതി പൂർത്തീകരണത്തിന് ദുഃഖം അനിവാര്യമാണ്. അത്തരമൊരു ദുഃഖമാണ് ഇത് എന്ന് സൂചിപ്പിക്കുന്ന ഗ്രന്ഥകാരൻ, ഫ്രഞ്ച് നടിയായ ബ്രിജിറ്റ് ബാർ ദോവിന്റെ കഥ പറയുന്നുണ്ട്. ഭർത്താവും സംവിധായകനുമായ വാദിം, സ്ത്രീത്വത്തിൻ്റെ പരിപൂർണ്ണ കലാരൂപമായി അവതരിപ്പിക്കുന്നതിനായി ശ്രമിക്കുന്നു. പുതിയ സിനിമയിലെ നായകനെ വീട്ടിലേക്ക് വിളിച്ചുവരുത്തി. ആ സമയം തൻ്റെ ഭാര്യ ഒരു വെൺ മാടത്തിൽ കിടന്നു സൗരസ്നാനം ചെയ്യുകയായിരുന്നു. അതിഥി യെ പരിചയപ്പെടാൻ നഗ്നയായി തന്നെ അവളോട് സ്വീകരണം മുറിയിലേക്ക് വരാൻ പറഞ്ഞു. അതേ രീതിയിൽ നായകനോട് ചേർന്നിരുന്ന് അവൾ ആ ദീർഘചർച്ചയിൽ പങ്കെടുത്തു. പൂർണ്ണത യ്ക്ക് വേണ്ടി വാദിം വേദന അനുഭവിക്കുകയായിരുന്നു എന്നാ ണ് ഒ വി വിജയൻ രേഖപ്പെടുത്തുന്നത്. ഈ വേദനകൾക്കപ്പു റമാണ് മൈമൂന വളരുന്നത്. അള്ളാപ്പിച്ച മൊല്ലാക്കയുടെ മൃത ദേഹം ഖസാക്കിലേക്ക് വരുന്ന സമയത്ത് രവിയോടൊപ്പം രമിക്കുകയായിരുന്നു അവൾ. മകൻ്റെ മൃതിസാന്നിധ്യത്തിലും കാമു കനോടൊപ്പം സംഭോഗത്തിൽ ഏർപ്പെടുന്നതിന്നെ സംബന്ധിച്ച് ഹെൻറി മില്ലർ എഴുതിയ വരികൾ ഗ്രന്ഥകാരൻ ഓർക്കുന്നു. തന്റെ തന്നെ ഗുരുസാഗരത്തിലും ഇതിന് സമാനമായ ഒരു സന്ദർഭമുണ്ട് എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. മൈമൂന എന്ന കഥാപാത്ര ത്തെ വെറും ഒരു ശരീരപ്രകൃതി എന്ന നിലയിൽ നിന്ന് സ്വപ്ന ഭാവനയിലേക്ക് വികസിപ്പിക്കുന്ന എഴുത്തുകാരനെയാണ് നാം കാണുന്നത്.

## മൊഡ്യൂൾ 4

- **നെയ്ത്തുകാരന്റെ കഥ – എൻ ശശിധരൻ**

### ഗ്രന്ഥകാര പരിചയം

സാഹിത്യനിരൂപകൻ, നാടകകൃത്ത്, തിരക്കഥാകൃത്ത് കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂരിൽ ആണ് ജനനം. സ്കൂൾ അധ്യാപ കനായി ദീർഘകാലം പ്രവർത്തിച്ചു. ആധുനികതയുടെ ആശയ ങ്ങൾ പിന്തുടർന്നു നിരൂപണരംഗത്തെത്തി. പിന്നീട് ഉത്തരാധു നിക ചിന്തകളും മാർക്സിയൻ ചിന്താപദ്ധതികളും നിലപാടുകളും എഴുത്തിൽ സ്വാധീനിച്ചു. അദ്ധ്യാപകനായി കാസറഗോഡ് ജോലി ചെയ്യുന്ന കാലത്താണ് സാഹിത്യജീവിതം ആരംഭിക്കുന്നത്. ആനുകാലികങ്ങളിൽ സാഹിത്യവിഷയകമായ ലേഖനങ്ങൾ എഴു തിത്തുടങ്ങി. ചരിത്രഗാഥ, കളി, ഉഷ്ണകാലം, വാണിഭം, ഉടമ്പടി ക്കോലം, കേളു – (ഇ.പി. രാജഗോപാലനുമൊത്ത് എഴുതിയത് ), അടുക്കള, രാവണൻ കോട്ട, ഹിംസാടനം, ഏകാന്തത, പച്ചപ്ലാവില, ജീവചരിത്രം, ജാതിഭേദം, കുട്ടികളുടെ വീട് (കുട്ടികളുടെ നാടകങ്ങൾ) തുടങ്ങിയ നാടകങ്ങളും കഥ കാലം പോലെ, വാക്കിൽ ചരിത്രം എന്നീ

പഠനങ്ങളും മെതിയടി, മഷി എന്നീ സ് മൃതി ചിത്രങ്ങളും നെയ്ത്തുകാരൻ എന്ന തിരക്കഥയും ഏകാ ന്തത പോലെ തിരക്കേറിയ പ്രവൃത്തി വേറെയില്ല എന്ന ലേഖന സമാഹാരവും മഹാ വ്യസനങ്ങളുടെ നദി എന്ന ആത്മകഥയും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡും ചെറുകാട് അവാർഡും നേടി. 'മെതിയടി' എന്ന കൃതിയിലെ ഒരധ്യായമാ ണ് പാഠഭാഗം.

<u>പാഠസംഗ്രഹം</u>

നെയ്ത്തുകാരൻ എന്ന സിനിമയുടെ രചനാ പശ്ചാത്തല മാണ് ഈ പാഠഭാഗത്ത് വിവരിക്കുന്നത്. നാടകമായിട്ടാണ് ഇത് ആദ്യം എഴുതുന്നത്. 1998 മാർച്ച് 19 നാണ് ഇം എം എസ് അന്തരി ച്ചത്. ആ ദിവസം ഒരു സുഹൃത്തിന്റെ വിവാഹസൽക്കാരത്തിൽ പങ്കെടുക്കാനെത്തിയ എൻ ശശിധരൻ അവിടെ വെച്ചാണ് ഇഎം എസിന്റെ മരണവാർത്തയറിഞ്ഞത്. സമൂഹത്തിന്റെ നാനാതുറ കളിൽ നിന്നുള്ള ആളുകൾ അവിടെ എത്തിച്ചേർന്നിരുന്നു.

ആ വീട്ടിൽ പെട്ടെന്നു തന്നെ ആഘോഷത്തിൻ്റെ അന്തരീക്ഷം മാറി മരണവീട്ടിലെ ശാന്തത നിലനിന്നു. എല്ലാവരിലും ഒരു അമ്പരപ്പും പാരവശ്യവും. തലശ്ശേരിയിലെത്തിയപ്പോൾ എവിടെയും പിറ്റേദിവസത്തെ ഹർത്താൽ ആഘോഷിക്കാനുള്ള വെപ്രാളം. ഇഎംഎസിന്റെ മരണം ടിവി വാർത്തകളിലെല്ലാം നിറഞ്ഞു. ഉറക്കം വരാത്ത ആ രാത്രിയിൽ വർഷങ്ങൾക്കു മുമ്പേ മരിച്ചു പോയ തന്റെ അച്ഛനെ ഗ്രന്ഥകാരൻ ഓർത്തു. ഇഎംഎസ് മരിച്ച ഈ ദിവസം അച്ഛൻ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ എന്ന ആലോചനയിൽ നെയ്ത്തുകാരൻ എന്ന നാടകം പിറക്കുന്നു. നിരവധി സമരങ്ങളിലും സത്യാഗ്രഹങ്ങളിലും പങ്കെടുത്ത ഒരു സാധാരണ കമ്മ്യൂണിസ്റ്റ് ആയിരുന്നു അദ്ദേഹത്തിന്റെ അച്ഛൻ. കൃഷ്ണപിള്ള, എ.കെ.ജി, ഇ.എം.എസ് തുടങ്ങിയ നേതാക്കളു മായി വൈകാരികബന്ധം പുലർത്തിയിരുന്ന അച്ഛനിൽ നിന്നാണ് അപ്പമേസ്ത്രി എന്ന കഥാപാത്രം രൂപപ്പെടുന്നത്. മൂന്നാല് ദിവസങ്ങൾക്കകം തന്നെ വലിയ ആവേശത്തോടെ അഞ്ചെട്ടു പേജുകൾ എഴുതിയിരുന്നു. എന്നാൽ ആ വൈകാരികതയ്ക്കപ്പുറ ത്ത് സാമൂഹിക ബന്ധങ്ങളിലേക്കും ഇടപെടലുകളിലേക്കും അത് വികസിക്കണമെന്ന് തോന്നലിൽ രചനാനിർവഹണം കുറച്ചുകാല ത്തേക്ക് മാറ്റിവെച്ചു. എങ്കിലും പാതിവഴിയിലായ ആ നാടകത്തെ ക്കുറിച്ച് സുഹൃത്തുക്കളോട് പങ്കുവെച്ചിരുന്നു. നാടക പ്രവർത്തക നായ ബാബു അന്നൂരിന്റെ പ്രേമലേഖനം (ബഷീർ) എന്ന നാടക ത്തിന് ശേഷം അവതരിപ്പിക്കാനുള്ള നാടകമായി നെയ്ത്തുകാരൻ തീരുമാനിക്കപ്പെട്ടു.

പ്രേമലേഖനം എന്ന നാടകം സംവിധാനം ചെയ്തത് പ്രിയനന്ദനനാണ്. ആ നാടകത്തിനുശേഷം നെയ്ത്തുകാരൻ എന്ന നാടകത്തിന്റെ ഗേഴ്സൽ ആരംഭിച്ചു. ഏതാനും സിനിമക ളിൽ സംവിധായകനായി പ്രവർത്തിക്കുകയായിരുന്ന പ്രിയനന്ദൻ നാടക റിഹേഴ്സലിനിടയിൽ സിനിമയ്ക്ക് വേണ്ടി തൃശ്ശൂരിലേക്ക് പോയി. രണ്ടുദിവസത്തിനുശേഷം നെയ്ത്തുകാരൻ സിനിമയാ ക്കുന്ന കാര്യം ഫോണിൽ സംസാരിച്ചു. നാടകമായി പുറത്തിറ ങ്ങാൻ ആഗ്രഹിച്ചിരുന്ന രചയിതാവിന് അത് സിനിമയാക്കാൻ അത്ര താല്പര്യം ഉണ്ടായിരുന്നില്ല. പിന്നീട് ഒരുമാസത്തിനു ശേഷം അങ്ങനെയൊരു തിരക്കഥയിലേക്ക് നീങ്ങി. നെയ്ത്തു കാരൻ എന്ന നാടകത്തിൻ്റെ നാടകീയത ഉപേക്ഷിക്കാൻ രചയി താവ് ഒരുക്കമായിരുന്നില്ല. നാടകം എഴുതുമ്പോഴുള്ള ത്രില്ല് തിര ക്കഥാരചനയിൽ ലഭിക്കുമെന്നും തോന്നുന്നില്ല. പ്രിയനന്ദനൻ്റെ മനസ്സിൽ പൂർണ്ണമായ രൂപപ്പെട്ട

സിനിമയ്ക്ക് നെയ്ത്തുകാരന്റെ പ്രമേയത്തിനനുസരിച്ചുള്ള ദൃശ്യങ്ങൾ രൂപപ്പെടുത്തുക എന്ന ചുമതല അദ്ദേഹം നിർവഹിച്ചു.

തിരക്കഥാ രചനയിൽ അതിന്റെ നിർമ്മാതാവ് ഇടപെട്ടെ ങ്കിലും സംവിധായകനായ പ്രിയനന്ദനൻ വഴങ്ങാതിരുന്നത് കൊണ്ടാണ് അങ്ങനെ ഒരു സിനിമതന്നെ ഉണ്ടായത്. ഒരു വർഷ ത്തിനുശേഷം ഷൂട്ടിങ് ആരംഭിച്ചു. പരമ ദരിദ്രാവസ്ഥയിലാ യിരുന്നു സിനിമയുടെ പിന്നണി പ്രവർത്തനം. പ്രിയനന്ദനന്റെ ആത്മവിശ്വാസവും ഒരു കൂട്ടം ചെറുപ്പക്കാരുടെ കൂട്ടായ്മയും കൊണ്ടുമാത്രമാണ് ഈ സിനിമ ഉണ്ടായത്. നാടകപ്രവർത്തന ത്തിൽ നിന്ന് വ്യത്യസ്തമായി ഒരു സർഗാത്മക പങ്കാളിത്തം ആ കൂട്ടായ്മയിൽ രൂപപ്പെട്ടു. സിനിമ പൂർത്തിയായതിനുശേഷം തീയറ്ററുകാർ കയ്യൊഴിഞ്ഞ ആ സിനിമയെ ജനങ്ങളിലെത്തിക്കാൻ വേണ്ടി സമാന്തരമായ പ്രദർശനങ്ങൾ ആ കൂട്ടായ്മ സംഘടിപ്പിച്ചു. സിനിമ കണ്ടിറങ്ങിയ ആളുകളിൽനിന്ന് അനുകൂലമായും പ്രതികൂലമായും അഭിപ്രായങ്ങൾ ഉണ്ടായി. ഒരു പ്രായം ചെന്ന മനുഷ്യൻ സിനിമ കണ്ടിറങ്ങി വൈകാരികമായി സമീപിച്ചതിന്റെ അനുഭവം രചയിതാവ് എടുത്തുപറയുന്നു. ഇത്തരം ചെറിയ കൃതാർത്ഥതകളാണ് ഈ സിനിമയുടെ സമ്പാദ്യം. ഇത് സംവിധായകന്റെയോ എഴുത്തുകാരൻ്റെയോ ജീവിതവീക്ഷണമോ പ്രത്യയശാസ്ത്രമോ വിശ്വാസമോ അടിച്ചേൽപ്പിക്കാൻ വേണ്ടി സൃഷ്ടിച്ച രചനയല്ല, മറിച്ച് പരിപൂർണ്ണമായും അപ്പമേസ്തിയുടെ സിനിമയാണ്. ചരിത്രത്തിൽ ഇടംപിടിക്കാതെ പോയ അനേകം അപ്പമേസ്തിമാർക്കു വേണ്ടി, മുരളി എന്ന അതുല്യനായ മഹാ നടനിലൂടെ വേറിട്ട ഒരിടം അന്വേഷിക്കുന്ന സിനിമയാണിത്.

- <u>ഇവാൻ ഇല്ലിച്ചിന്റെ ആത്മഹത്യാശ്രമം – മുഹമ്മദ് അബ്ബാസ്</u>

<u>ഗ്രന്ഥകാര പരിചയം</u>

മലപ്പുറം ജില്ലയിലെ കോട്ടക്കൽ വലിയപറമ്പിലാണ് താമസം. എട്ടാം ക്ലാസുവരെ തമിഴ്നാട്ടിലായിരുന്നു. പിന്നീട് ജീവിത വൃത്തി തേടി നാടുവിട്ട് ലോറിയിൽ കയറി മലപ്പുറത്തെത്തി. ഇവിടെ വന്ന ശേഷമാണ് മലയാളം എഴുതാനും വായിക്കാനും പഠിച്ചത്. പെയിന്റുപണിക്കാരനാണ്. ഒരു പെയിന്റ് പണിക്കാരന്റെ ലോകസഞ്ചാരങ്ങൾ ആണ് ആദ്യ പുസ്തകം. മനുഷ്യൻ എന്നത് അത്ര സുഖമുള്ള ഒരേർപ്പാടല്ല, ആത്മഹത്യക്കും ഭ്രാന്തിനുമിട യിൽ, അബുവിൻ്റെ ജാലകങ്ങൾ, വെറും മനുഷ്യർ, അനസ് അഹമ്മദിന്റെ കുമ്പസാരം, ഖസാക്ക് എന്നെ വായിച്ച കഥ, വിശപ്പ് പ്രണയം ഉന്മാദം തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചു.

മുഹമ്മദ് അബ്ബാസ് എന്ന സാധാരണക്കാരന്റെ ഓർമക്കുറിപ്പുകളാണ് 'വിശപ്പ് പ്രണയം ഉന്മാദം' എന്ന പുസ്തകം. ഉള്ളു പൊള്ളുന്ന അനുഭവങ്ങളാണതിലുള്ളത്. തന്റെ ജീവിതപ്പാച്ചിലിൽ കാലിൽ തറച്ച മുള്ളുകളുടെ, ഹൃദയത്തിൽ പൊടിഞ്ഞ ചോരയുടെ അടയാളങ്ങളാണ് ആ കുറിപ്പുകളിൽ നിറയെ എന്ന് അദ്ദേഹം ഈ പുസ്തകത്തിന്റെ ആമുഖത്തിൽ എഴുതിയത് അക്ഷ രാർത്ഥത്തിൽ ശരിയാണ്. ഈ പുസ്തകത്തിലെ ഒരധ്യായമാണ് 'ഇവാൻ ഇല്ലിച്ചിന്റെ ആത്മഹത്യാശ്രമം' എന്ന പാഠഭാഗം.

ഫെയ്സ്ബുക്കിലൂടെ എഴുതിത്തുടങ്ങിയ ആളാണ് മുഹമ്മദ് അബ്ബാസ്. അങ്ങനെയൊരു മാധ്യമമില്ലായിരുന്നെങ്കിൽ തന്നെപ്പോലെ ഒരാൾക്ക് ഒരിടവും ലഭിക്കുമായിരുന്നില്ല എന്ന് അദ്ദേഹം പറയുന്നുണ്ട്. തന്റെ എഴുത്തിലെ ജീവിതത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: "എന്റെ എഴുത്തിൽ യഥാർഥ വ്യക്തികളാ ണുള്ളത്. അവരിലെന്റെ

കുടുംബക്കാരടക്കമുണ്ട്. എന്തിനെക്കുറിച്ചും പറയാനുള്ള സ്വാതന്ത്ര്യമെനിക്കുണ്ട്. വസ്തുത്തിന്റെ നിറമൊക്കെ വർണിക്കുന്നതിന് ആ നിറത്തിൽ മാറ്റം വരുത്തിയെ ഴുതും എന്നതൊഴിച്ചാൽ എഴുത്തിന്റെ ഭംഗിക്കായി മറ്റ് ഭാവനകളൊന്നും ഞാനതിൽ ചേർത്തിട്ടില്ല. എല്ലാം സത്യമാണ്. അതിലും മോശമായ ജീവിതങ്ങളാണ് ജീവിതങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്. അവയെല്ലാം നമ്മളറിയാതെ പോകുന്നവയാണെന്നു മാത്രം." തന്റെ ഭാഷയെക്കുറിച്ചും അദ്ദേഹത്തിന് പറയാനുണ്ട്. “എന്റെ ഭാഷ വളരെ സാധാരണമായിരിക്കും. അതുകൊണ്ടു തന്നെയാണ് അതിൽ സാഹിത്യഭംഗി തിരയരുതെന്ന് ഞാൻ പറയുന്നത്. വലിയ പാണ്ഡിത്യമുള്ളവർക്ക് സാഹിത്യഭാഷയുണ്ടാ ക്കാൻ പ്രയാസമുണ്ടാകില്ല. എനിക്കത് വലിയ പാടാണ്. അറിയുകയില്ല എന്നതാണ് സത്യം. തനിക്ക് ചുറ്റുമുള്ള സാധാരണ മനുഷ്യരുടെ ജീവിതവും പ്രശ്നങ്ങളുമൊക്കെയാണ് തനിക്ക് പറയാനുള്ളത്. പെയിന്റ് പണിക്കാരും ഓട്ടോതൊഴിലാളികളും വാടകവീട്ടുകളിൽ താമസി ക്കുന്നവരുമായ കുറേ മനുഷ്യരുണ്ട്. സാധാരണക്കാരിൽ സാധാ രണക്കാരായവർ അവരുടെ ജീവിതങ്ങൾ പറയാനും ഒരാൾ വേണമെന്നും താൻ നിർവ്വഹിക്കുന്നത് അതാണെന്നും ഈ എഴുത്തുകാരൻ വിചാരിക്കുന്നു.

അനുഭവമെഴുത്തിന്റെ സാധ്യതകളെക്കുറിച്ചും പരിമിതികളെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. "അനുഭവങ്ങളെ എഴുതി ഫലിപ്പിക്കുക എന്നത് പ്രയാസം പിടിച്ച പണിയാണ്. ഫിക്ഷനാണെങ്കിൽ അവിടെ നമുക്ക് സ്വാതന്ത്ര്യമുണ്ട്. എല്ലാ അർത്ഥത്തിലും. ഇവിടെ നമ്മുടെയോ മറ്റൊരാളുടെയോ അനുഭവങ്ങളാണ് മുമ്പിലുള്ളത്. മായം ചേർക്കൽ നടക്കില്ല. ഭാവനയുടെ കടും വർണ്ണങ്ങൾ ഒട്ടും പറ്റില്ല. ഒരനുഭവം എഴുതുമ്പോൾ അതിൽ ഉൾപ്പെട്ട മറ്റ് ചിലരുണ്ടാവാം. അവരാ സമയത്ത് എന്നോട് ചെയ് അനീതിക്ക് അവരുടേതായ ന്യായീകരണങ്ങളും ഉണ്ടാവും. എന്റെ വീക്ഷണ കോണിലൂടെ അത് എഴുതുമ്പോൾ അവരെയത് വേദനിപ്പിച്ചെന്ന് വരാം. മനുഷ്യരെ വേദനിപ്പിക്കാൻ എളുപ്പവും, സാന്ത്വനം നൽകാൻ വളരെ ബുദ്ധിമുട്ടുമാണ്. അപ്പോൾ അവരുടെ യഥാർത്ഥ പേരോ സ്ഥലമോ വരാതിരിക്കാൻ പരമാവധി ശ്രമി ക്കും. ചുരുക്കത്തിൽ ഒരു വൃത്തത്തിനുള്ളിൽ ഒതുങ്ങി നിന്ന് അതിന്റെ അതിർ രേഖകളെ ശ്രദ്ധിച്ച്, വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട നൃത്തമാണ് അനുഭവമെഴുത്തെന്ന് പറയാം." എന്ന് ഒരു ഓൺലൈൻ ഇൻർവ്യൂവിൽ അദ്ദേഹം പറയുന്നുണ്ട്

അനുഭവമെഴുത്തിൽ പോളിഷും മേക്കപ്പുമൊന്നും ചെയ്യാൻ കഴിയില്ല. താൻ കണ്ടതോ അനുഭവിച്ചതോ ആയ ഒരു വൈകാരികമുഹൂർത്തം പറയുമ്പോൾ ഭാഷകൊണ്ട് തനി ക്കൊന്നും കാണിക്കാനില്ല എന്നാണ് അദ്ദേഹത്തിന്റെ പക്ഷം തൻ്റെ അനുഭവം തന്നെക്കൊണ്ട് കഴിയുന്ന ഭാഷയിൽ അങ്ങനെ ത്തന്നെ പറയാനേ നിർവ്വാഹമുള്ളൂ എന്നും അദ്ദേഹം അഭിപ്രായ പ്പെടുന്നുണ്ട്. സമീപകാലത്ത്, ഇത്രയധികം വായിക്കപ്പെട്ടതും ചർച്ച ചെയ്യപ്പെട്ടതുമായ അനുഭവമെഴുത്തുകൾ വേറെയില്ല.

**പാഠസംഗ്രഹം**

നമ്മൾ ജീവിച്ച ജീവിതം തന്നെ ഒരു കെട്ടുകഥയായി തോന്നുമോ?) അങ്ങനെ തോന്നുന്ന നിമിഷങ്ങളുണ്ട് എന്ന് മുഹ മ്മദ് അബ്ബാസ് പറയുന്നു. ഈ ദുരിതകാലത്തിൽ സ്നേഹത്തി ന്റെ മുഖങ്ങളെ ഒന്നൊന്നായി മരണം കൊണ്ടുപോകുമ്പോൾ മരിക്കാനായി അദ്ദേഹം നടത്തിയ യാത്രയാണ് ഇവാൻ ഇല്ലി ച്ചിന്റെ ആത്മഹത്യാശ്രമം എന്ന ഈ ആത്മകഥാപരമായ കുറിപ്പി ൽ ഉള്ളത്. ജീവിതം തന്നെ ഭയമായ, ഭ്രാന്തായി പോകും എന്ന് കരുതിയ ഭയത്തിൻ്റെ കാലം ആദ്യത്തെ ആത്മഹത്യാശ്രമം പരാ

ജയപ്പെട്ടതിനു ശേഷമുള്ള രണ്ടാമത്തെ യാത്രയാണിത്. ആ യാത്ര യിൽ തൻ്റെ മാറാപ്പിൽ ഒരു പുസ്തകം ഉണ്ടായിരുന്നു എന്നത് ഒരു കെട്ടുകഥയായി തോന്നുന്നു. ടോൾസ്റ്റോയിയുടെ ഇവാൻ ഇല്ലിച്ചിന്റെ മരണം എന്ന ഒരു ചെറുനോവൽ ആയിരുന്നു അത്. ഇത്തവണ ആത്മഹത്യ ചെയ്യാൻ വേണ്ടി തെരഞ്ഞെടുത്ത സ്ഥലം കന്യാകുമാരിയായിരുന്നു. പോകുന്ന യാത്രയിൽ ട്രെയി നിലും കാണുന്ന കാഴ്ചകളിലും എല്ലാം മരണത്തിന്റെ മണം. കന്യാകുമാരി എത്തി, ആ തിരക്കിനുള്ളിലൂടെ നടക്കു മ്പോഴും അതിന്റെ സൗന്ദര്യമോ ആനന്ദമോ അയാളിൽ ഉണ്ടായിരുന്നില്ല. ആത്മഹത്യ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ഒരു മുറി തേടിയലഞ്ഞു. അവിടെയൊന്നും ഒരാൾക്ക് മാത്രമായി റൂം കൊടുക്കില്ല. തനിച്ചു വരുന്നവർക്ക് റൂം കൊടുക്കരുത് എന്ന് പോലീസ് നിർദ്ദേശമുണ്ട്. അങ്ങനെ വരുന്ന പലരും ആത്മഹത്യ ചെയ്യാറുണ്ടത്രേ! അത് കേട്ട അബ്ബാസ് ചിരിക്കണോ കരയണോ എന്നറിയാതെ നിന്നു. പിന്നീട് പോലീസ് സ്റ്റേഷനിൽ എത്തി. തനിയെ യാത്ര ചെയ്യുന്ന തനിക്ക് റൂം കിട്ടാത്ത വിവരം അവിട്ട ത്തെ ഒരു പോലീസുകാരനെ അറിയിച്ചു. ആ സമയം തന്റെ ബാഗ് പരിശോധിക്കപ്പെട്ടിരുന്നുവെങ്കിൽ അതിനുള്ളിൽ ടോൾസ്റ്റോ യിയെ തൊട്ടുകിടക്കുന്ന മരണമണമുള്ള എഴുപത് ഉറക്കഗുളി കകൾ കണ്ടെടുക്കുമായിരുന്നു. എന്നാൽ അങ്ങനെ ഒരു പരി ശോധന ഉണ്ടായില്ല. അദ്ദേഹം തൻ്റെ സൈക്കിളിൽ അബ്ബാസി നെയും കയറ്റി ഒരു റൂമിലെത്തി. അതിന് 100 രൂപ പ്രതിഫലവും വാങ്ങിച്ചു. അകത്തു കയറി ഉറക്കഗുളികകൾ എടുത്ത് അഞ്ചെണ്ണം വീതമുള്ള ഓഹരികളാക്കി മേശപ്പുറത്ത് വച്ചു, വെള്ളത്തിന്റെ മണ്ണും. അടുത്ത നിമിഷം മരണമാണ്. പല ഓർമ്മകളും മനസ്സി ലൂടെ കടന്നുപോയി. ഉമ്മയുടെ ഓർമ്മകൾ മുകളിൽ തെളിഞ്ഞു. തനിക്കറിയാത്ത ഏതോ ഒരു ദേശത്ത് മകൻ മരിച്ചു കിടക്കുന്നു എന്ന് ഉമ്മ അറിയുന്ന ആ നിമിഷം ബോധത്തിലൂടെ ഒരു മിന്നൽ പിണറായി കടന്നുപോയി. പെട്ടെന്ന് ആരോ പറഞ്ഞുപഠിപ്പി ച്ചപോലെ ബാഗ് തുറന്നു ഇവാൻ ഇല്ലിച്ചിനെ കയ്യിലെടുത്തു. മരിക്കാൻ ഒട്ടും ആഗ്രഹിക്കാത്ത തൻ്റെ ഉള്ളിലെ വായനക്കാരൻ ആ പുസ്തകം വായിച്ചു. ടോൾസ്റ്റോയ് എന്ന പ്രതിഭ സൃഷ്ടിച്ച ഇവാൻ ഇല്ലിച്ചിന്റെ ലോകത്തിലേക്ക് അദ്ദേഹം വഴുതിവീണു. മരിച്ചുകിടക്കുന്ന ഇവാൻ ഇല്ലിച്ചിന്റെ രൂപം ടോൾസ്റ്റോയി വിവരി ക്കുന്നത് വായിച്ചു. സുന്ദരവും കുലീനവുമായ ആ മുഖം ജീവി ച്ചിരിക്കുന്നവർക്ക് നേരെയുള്ള കുറ്റപ്പെടുത്തലും മുന്നറിയിപ്പും നൽകുന്നുണ്ടായിരുന്നു. ലിയോ ടോൾസ്റ്റോയിയുടെ മുഖം മനസ്സി ലേക്ക് വന്നു. വാർ ആൻഡ് പീസും അന്നാ കരിനീനയും എഴു തിയ ആ മനുഷ്യൻ, ജീവിക്കാനും മരിക്കാനും ആറടി മണ്ണ് മതി എന്ന് പറഞ്ഞ മനുഷ്യൻ, അദ്ദേഹം മരിച്ചു മണ്ണടിഞ്ഞിട്ടും അദ്ദേഹത്തിന്റെ വാക്കുകൾ ജീവിച്ചിരിക്കുന്നു. ആ വാക്കുകൾ മരണ ത്തിലേക്ക് പ്രവേശിക്കാൻ കാത്തുനിൽക്കുന്ന ഒരു മനുഷ്യന്റെ കയ്യിൽ ഇരുന്നു വിറകൊള്ളുന്നു. ആ എഴുത്തുകാരന്റെ മരണവും അദ്ദേഹത്തിന്റെ വാക്കുകളും അബ്ബാസ് ഓർക്കുന്നു. ഒരു വാക്കു പോലും സഹജീവിക്ക് വേണ്ടി എഴുതിയിട്ടില്ലാത്ത, മരണത്തിന്റെ പേരിൽ ഒരു ആനുകൂല്യങ്ങളും വാങ്ങാൻ ഒരു ഭാര്യയില്ലാത്ത,അയാൾ വീണ്ടും വായന തുടർന്നു. റൂംബോയി വന്ന് വാതിലിൽ മുട്ടി ലൈറ്റ് ഓഫാക്കാൻ പറയുമ്പോൾ സമയം രണ്ടരയായിരുന്നു. ആ പുസ്തകം അപ്പോഴേക്കും വായിച്ചു കഴിഞ്ഞിരുന്നു. മരണ ത്തെക്കാൾ, ജീവിതത്തിന്റെ ഉന്മാദത്തെ സ്വീകരിക്കാൻ വെമ്പിയ ഒരു മനുഷ്യനായി അയാൾ ഇതിനകം മാറിക്കഴിഞ്ഞിരുന്നു. സംസാരശേഷിയും കേൾവിശേഷിയുമില്ലാത്ത സ്വന്തം അനിയത്തിയുടെ ഒന്നര പവൻ മാല പണയം വെച്ച് കിട്ടിയ പണംകൊ ണ്ടാണ് ഈ യാത്ര നടത്തിയത് തന്നെ. അയാൾ അവളെ കുറിച്ച് ഓർത്തു. പുസ്തകത്തിലെ കഥാപാത്രമായ ജെറാസിം ഇറങ്ങി വന്ന് ഉറക്കഗുളികകൾ വലിച്ചെറിയാൻ ആവശ്യപ്പെട്ടു. ഇനിയും എത്രയോ വിസ്മയങ്ങൾ വായിക്കാനുണ്ട് എന്ന ഓർമിപ്പിച്ചു. അവ യെല്ലാം

പെറുക്കി കക്കൂസിൽ കൊണ്ടിട്ടു. നേരം വെളുത്തപ്പോൾ ജീവിതം അദ്ദേഹത്തിന് മുമ്പിൽ തെളിഞ്ഞുവന്നിരുന്നു. ഒന്ന് അലറി ചിരിക്കണമെന്ന് അദ്ദേഹത്തിന് തോന്നി. അന്ന് സാധ്യമാ വാത്ത ചിരി ഇന്ന് അദ്ദേഹം ചിരിക്കുന്നു. തന്റെ വായനക്കാർക്ക് ഒരു ഉപദേശവും തരുന്നു. പുസ്തകങ്ങളെ ചേർത്തുപിടിക്കാൻ കഴിഞ്ഞാൽ അവ എക്കാലത്തും നല്ല സുഹൃത്തുക്കളാവും സ്വന്തം കഴിവും കഴിവുകേടും അവ നിങ്ങളെ ബോധ്യപ്പെടുത്തും. തെറ്റായ തീരുമാനങ്ങളെ ഉപേക്ഷിക്കാൻ സഹായിക്കും. ഇക്കാലമത്രയും എനിക്ക് പിടിക്കാൻ ബലമുള്ള കൈവരികൾ തന്നത് പുസ്തക മാണ്. ഏറ്റവും പ്രിയപ്പെട്ടവരെ മരണം കൊണ്ടുപോകുമ്പോഴും പുസ്തകമാണ് സാന്ത്വനമായും കരുത്തായും പ്രണയമായും രക്ത ബന്ധമുള്ള ബന്ധങ്ങൾ ആയും കൂടെത്തന്നെയുള്ളത് എന്നാൽ അദ്ദേഹം കുറിക്കുന്നു.

- <u>അവരെ വെറുതെ വിടുക – ശ്രീജിത് പെരുന്തച്ചൻ</u>

ഗ്രന്ഥകാര പരിചയം

പത്രപ്രവർത്തകൻ, എഴുത്തുകാരൻ. കൊല്ലത്ത് ജനിച്ചു. എം.ജി. സർവകലാശാലയുടെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്നും മലയാളത്തിൽ ബിരുദാനന്തരബിരുദം. കേരളകലാമണ്ഡലം യുവ കവികൾക്കു നൽകുന്ന വള്ളത്തോൾ പുരസ്കാരം ലഭിച്ചു. സാഹി ത്യസംബന്ധമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കവിത കളിലൂടെയും ലിറ്റററ്റിജേണലിസത്തിലൂടെയും സഞ്ചാരം. മലയാള മനോരമയുടെ കോഴിക്കോട് യൂണിറ്റിൽ പത്രാധിപസമിതി അംഗം, പഴമൊഴി പുതുമ, തിത്തിമി തകതിമി (ബാലനോവൽ ), താരുണ്യത്തിന്റെ കഥാന്തരങ്ങൾ, കഥനുറുക്ക്, വിടപറയും മുൻപേ,) എഴുത്തുമേശകൾ, ഇഷ്ടവാക്ക് എന്നിവ പ്രധാന കൃതികൾ.

പാഠസംഗ്രഹം

പ്രസിദ്ധരായ എഴുത്തുകാരെ, ആരാധകരായ സഹൃദയർ കാണാനെത്തുക സ്വാഭാവികമാണ്. ഒരുപക്ഷേ, നമ്മൾ ആഗ്രഹി ച്ചതുപോലെ അവരെ കാണാനായി എന്നും വരാം. മറ്റ ചിലപ്പോൾ എത്ര ശ്രമിച്ചാലും അവരുടെ മുമ്പിൽ എത്താൻ സാധിക്കണ മെന്നുമില്ല. കണ്ടുമുട്ടിയാലോ നമ്മൾ പ്രതീക്ഷിക്കുന്നതുപോലെ അവർ പ്രതികരിക്കണമെന്നുമില്ല. വായനയിലൂടെ നാം അറിഞ്ഞ ഒരെഴുത്തുകാരൻ നേരിട്ടുള്ള കാഴ്ചയിലോ അനുഭവത്തിലോ അതായിരിക്കണമെന്നില്ല. എഴുത്തുകാരെ സ്വതന്ത്രമായി എഴു താൻ വിട്ട്, അവരുടെ ലോകത്തിലേക്ക് ഒരിക്കലും കടക്കാൻ ശ്രമിക്കാതെ, അവർ തരുന്ന വായനാലോകത്തിൽ വിഹരിക്കു കയാണ് വേണ്ടത് എന്ന് നമ്മെ ഓർമ്മപ്പെടുത്തുകയാണ് ശ്രീജിത്ത് പെരുന്തച്ചൻ 'അവരെ വെറുതെ വിടുക' എന്ന ലേഖനത്തിൽ മലയാളത്തിലെ പ്രസിദ്ധരായ എഴുത്തുകാർ പ്രസിദ്ധരായലോകോത്തര എഴുത്തുകാരെ കാണാൻ ശ്രമിച്ചതും. അതിന്റെ അനുഭവങ്ങളും പങ്കുവെക്കുന്നതാണ് ഈ ലേഖനം

ഗുരുവായൂരപ്പൻ ദിവസേന പതിനായിരം പേർക്ക് ദർശനം നൽകുമ്പോൾ ഗുന്തർഗ്രാസ് വർഷത്തിൽ ഒരാളെയാണ് കാണുന്നത്. മാർകേസ് വർഷത്തിൽ ഒരാളെയെങ്കിലും കാണുന്നുണ്ടോ എന്ന് സംശയം' എന്ന് കുറിച്ചുകൊണ്ടാണ് ഈ ലേഖനം ആരംഭിക്കുന്നത്. എം ടി വാസുദേവൻ നായർ ഗുന്തർഗ്രാസിനെ കാണാൻ ശ്രമിച്ചപ്പോൾ

അദ്ദേഹത്തിൻറെ സെക്രട്ടറി പറഞ്ഞത്, വർഷത്തിൽ ഒരാളെ മാത്രമേ കാണൂ എന്നാണ്. എത്രതന്നെ ശ്രമിച്ചാലും മാർകേസിനെ നമുക്ക് കാണാനേ പറ്റില്ല. പുനത്തിൽ കുഞ്ഞബ്ദുള്ളയും മധുനായരും അദ്ദേഹത്തിനെ കാണാൻ പോയ രസകരമായ അനുഭവം കുറിക്കുന്നുണ്ട്. കൊളംബിയയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ മാർകേസ് ആണ് എന്ന് കരുതി പരിചയപ്പെട്ടത് അദ്ദേഹത്തിന്റെ ജ്യേഷ്ഠനെയായിരുന്നു. കവി ഡി വിനയചന്ദ്രനും അദ്ദേഹത്തെ കാണാൻ ശ്രമിച്ചിരുന്നു. അദ്ദേഹത്തിന് ഏത് വർഷം കൂടിക്കാഴ്ച്ചയ്ക്ക് സാധ്യമാവും എന്നറിയണമെങ്കിൽ പോലും രണ്ടുമാസം വരുമത്രേ! അത്രമാത്രം ജനങ്ങളിൽനിന്നും അകന്ന് എഴുത്തിൽ വിഹരിക്കുന്നവരാണ് അവർ. ബ്രിട്ടീഷ് നാടക കൃത്തായ ഹാരോൾഡ് പിന്റ് കാണാൻ ശ്രമിച്ച ചന്ദ്രമതിയുടെ അനുഭവവും രസകരമായി അവതരിപ്പിച്ചിട്ടുണ്ട്. ചന്ദ്രമതി ഗവേഷണം ചെയ്യുന്നത് പിൻ്ററുടെ നാടകത്തെ കുറിച്ചായിരുന്നു. നേരിൽ കാണാനും ചില സംശയങ്ങൾ ചോദിക്കാനും അവർ ആഗ്രഹിച്ചു. നിരവധിതവണ മെയിലിൽ ബന്ധപ്പെട്ടിട്ടും കാണാൻ സാധിച്ചില്ല. ലണ്ടനിൽ ആയിരിക്കെ, പിൻറുടെ മൂൺലൈറ്റ് എന്ന നാടക പ്രദർശനം കാണാൻ രണ്ട് ടിക്കറ്റുമായി പിൻ്ററുടെ ഓഫീസിൽ നിന്നും ആൾ വന്നതും പിൻ്ററെ കാണാതെ നാടകം കണ്ടു മടങ്ങിയതും വിവരിക്കുന്നു. കാക്കനാടനും അക്കിത്തവും ദാലിയെ കണ്ടതും പരിചയം പോലും ഭാവിക്കാതെ അദ്ദേഹം നടന്നുപോയതും കുറിക്കുന്നു.

(എഴുത്തുകാരെ ഏറ്റവുമധികം ബഹുമാനിക്കുന്ന നാടാണ് ഫ്രാൻസ്) രാജ്യത്തിന്റെ പ്രസിഡൻറ് ആയാലും എഴുത്തുകാരെ അവർ ഉള്ളിടത്ത് പോയി കാണുക എന്നത് അവിടത്തെ സാമാന്യശീലങ്ങളിൽ ഒന്നാണ്. എഴുത്തുകാരുടെ സ്വകാര്യതകൾക്ക് അവർ അങ്ങേയറ്റം വില കൽപ്പിക്കുന്നുണ്ട്. അത് ഒരിക്കലും അപഹരിക്കാനുള്ളതല്ല എന്നവർ മനസ്സിലാക്കുന്നു. നമ്മുടെ രീതി കളിൽ നിന്നും തികച്ചും ഭിന്നമാണത്. ഫ്രാൻസിൽ നിന്നും ഇന്ത്യ യിൽ എത്തിയ ഒരു എഴുത്തുകാരൻ, സുഹൃത്തായ എം മുകു ന്ദനും അമൃതപ്രീതവും മുൾക്ക്രാജ് ആനന്ദും മറ്റും നെയിം ബോർഡ് വെച്ച് പൊതുജീവിതം നയിക്കുന്നത് കണ്ട് അത്ഭുത പ്പെടുകയുണ്ടായി. എം മുകുന്ദൻ തന്നെ, തന്റെ കഥ ഫ്രഞ്ച് ഭാഷ യിൽ പ്രസിദ്ധപ്പെടുത്തിയ പത്രാധിപരെ അവിടെ പോയിട്ടും നേരിട്ട് കാണാൻ പറ്റാത്ത അവസ്ഥ വന്നിട്ടുണ്ട്. ബ്രിട്ടീഷ് ചക വർത്തിപോലും ഡോ. ജോൺസൺ എന്ന എഴുത്തുകാരനെ കാണാൻ അദ്ദേഹത്തിൻ്റെ സമയവും സന്ദർഭവും നോക്കി ഒരു സംശയം ചോദിക്കാൻ എന്ന വ്യാജേന ഒന്നു പരിചയപ്പെട്ടത് എഴുത്തുകാരോട് ഭരണാധികാരികൾ കാണിക്കുന്ന ശ്രദ്ധയും പരിഗണനയും വ്യക്തമാക്കുന്നു.

ചില എഴുത്തുകാരെ എത്ര തിരഞ്ഞാലും കണ്ടുകിട്ടില്ല അങ്ങനെ ഒരാളാണ് അമേരിക്കൻ സാഹിത്യത്തിലെ സാലിംഗർ ഇറ്റലിയിലെ ഏറ്റവും വലിയ രഹസ്യങ്ങളിൽ ഒന്നായിരുന്നു ചല ച്ചിത്രകാരനും എഴുത്തുകാരനും ആയിരുന്ന ഫെല്ലിനിയുടെ ഫോൺ നമ്പർ. ഇംഗ്മർ ബർഗ്മാൻ എന്ന സ്വീഡിഷ് ചലച്ചിത്രകാ രനാവട്ടെ ഭാര്യമാർക്കും മക്കൾക്കും പോലും കാണണമെങ്കിൽ അദ്ദേഹത്തിന്റെ ജന്മദിനം ആവേണ്ടിയിരുന്നു. വേസ്റ്റ്ലാൻഡ് എന്ന കവിത എഴുതിയ ടി എസ് എലിയറ്റ്, വീടിൻ്റെ പുറത്തേക്ക് തന്നെ ഇറങ്ങാത്ത ആളായിരുന്നു. ലിയോ ടോൾസ്റ്റോയി, കാഫ്ക, പാബ്ലോ പിക്കാസോ, സോമർസെറ്റ് മോം തുടങ്ങിയവരൊക്കെ ആ വിധത്തിൽ വളരെ രഹസ്യമായ ജീവിതം തുടർന്നവരായി രുന്നു. സോമർസെറ്റ് മോം ആവട്ടെ, പ്രതിഫലം വാങ്ങാൻ പോലും പ്രസാധകരുടെ അടുത്തേക്ക് വരാൻ സമയമില്ലാത്ത ആളായിരുന്നു. പ്രതിഫലത്തുക കുമിഞ്ഞുകൂടിയപ്പോൾ അത്

എങ്ങനെയെങ്കിലും തീർക്കാൻ വേണ്ടി ശ്രമിച്ച മോമിൻ്റെ കഥയും രസകരമായി ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നുണ്ട്,

പാവങ്ങൾക്കെല്ലാം പണം വാരിവിതറി നടന്നുപോയ സാർത്ര്, തന്റെ ഫോട്ടോ എടുത്ത് പത്രത്തിൽ വന്നാൽ അതിൽ ആരെങ്കിലും കൂടോത്രം ചെയ്യുമെന്ന് പേടിച്ചിരുന്ന ജോർജ് ഓർവെൽ എന്നിവരുടെ തികച്ചും വ്യത്യസ്തമായ ജീവിത രീതികളും ഈ കുറിപ്പിൽ അടയാളപ്പെടുത്തുന്നു.

വിലാസിനി എന്ന പേരുകേട്ട് സ്ത്രീയാണെന്ന് തെറ്റിദ്ധ രിച്ച അദ്ദേഹത്തിൻ്റെ വീടിന്റെ മുന്നിൽ ആളുകൾ വന്ന കാര്യം സൂചിപ്പിക്കുന്നുണ്ട്. കവിയായ വിഷ്ണുനാരായണൻ നമ്പൂതിരി യെത്തേടി ന്യൂസിലാൻഡിൽ നിന്ന് ഒരു ഈമെയിൽ വന്നത്, ആറുമാസം കഴിഞ്ഞ് ഞാൻ അങ്ങയെ ഒന്ന് ഫോൺ ചെയ്തോട്ടെ എന്ന് ചോദിച്ചു കൊണ്ടായിരുന്നു എഴുത്തുകാരനായ മൈക്കൽ ഹാരിസ് കവിയുടെ സുഹൃത്തായിരുന്നിട്ടും ഇങ്ങനെ ചോദി ക്കുന്നത് അവരുടെ മര്യാദയും എഴുത്തുകാരോടുള്ള ആദരവും പ്രകടമാക്കുന്നത്.

റഷ്യൻ കവിയായ എവ്തുഷെൻകോയെ കാണാൻ ശ്രമിച്ച വൈലോപ്പിള്ളി, അമേരിക്കൻ കവി സോൾബെല്ലോയെ കാണാൻ ശ്രമിച്ച അയ്യപ്പപ്പണിക്കർ, ചൈനയിലെ കവി ഐച്ചിംഗിനെ കാണാൻ ശ്രമിച്ച കെ ജി ശങ്കരപ്പിള്ള എന്നിവർക്കെല്ലാം നിരാശ യായിരുന്നു ഫലം.

എഴുത്തുകാരെ വഴിയിലും ബാർബർ ഷോപ്പിലും ട്രാഫിക് ബ്ലോക്കിലും ഒക്കെ കണ്ടുമുട്ടി കുശലം പറയുന്നതും പ്രസംഗത്തിനു ക്ഷണിക്കുന്നതുമൊക്കെ അവരുടെ സ്വകാര്യ തയെയാണ് നഷ്ടപ്പെടുത്തുന്നത് എന്ന് മനസ്സിലാക്കാനുള്ള സാമാ ന്യബുദ്ധിയെങ്കിലും കാണിച്ചേ പറ്റൂ. എഴുത്തുകാരെ വെറുതെ വിടണം. അവർ അവരുടെ ജോലി ചെയ്യട്ടെ. ഉറങ്ങുമ്പോഴും വിശ്ര മിക്കുമ്പോഴും പോലും കഥാപാത്രങ്ങളെ സൃഷ്ടിക്കുന്ന മഹത്തായ ജോലിയിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത് അതുകൊണ്ട് എഴു ത്തുകാരെ ശല്യപ്പെടുത്താതെ അവരെ അവരുടെ പാട്ടിന് വിട്ട് അവരുടെ രചനകൾ വായിച്ച് ആസ്വദിക്കുകയാണ് വേണ്ടത് ഈ കുറിപ്പ് നമ്മെ ബോധ്യപ്പെടുത്തുന്നു.

- **ഭ്രൂണഹത്യ – ബാലചന്ദ്രൻ ചുള്ളിക്കാട്**

**ഗ്രന്ഥകാരപരിചയം**

കവി, അഭിനേതാവ്. 1957 ജൂലൈ 30 ന് പറവൂരിൽ ജനിച്ചു. ആലുവയിലെ യൂണിയൻ ക്രിസ്ത്യൻ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി 1987ൽ കേരള സർക്കാർ സർവ്വീ സിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. 1999ൽ ബുദ്ധമതം സ്വീകരിച്ചു. പതിനെട്ട് കവിതകൾ, മാനസാന്തരം, അമാവാസി, ഗസൽ, ഡ്രാക്കുള, ബാലചന്ദ്രൻ ചുള്ളിക്കാടിൻ്റെ പ്രണയകവിത കൾ എന്നിവ കവിത സമാഹാരങ്ങൾ. ബാലചന്ദ്രൻ ചുള്ളിക്കാടി ന്റെ കവിതകൾ സമ്പൂർണ്ണ സമാഹാരം 2000 ത്തിൽ പുറത്തിറങ്ങി. ചിദംബരസ്മരണ (അനുഭവക്കുറിപ്പുകൾ), ജാലകം(തിരക്കഥ), പി.കുഞ്ഞിരാമൻ നായരും സവർണ്ണഹിന്ദുമതവും (പഠനം) തുട ങ്ങിയവയാണ് മറ്റു കൃതികൾ.

1990 ൽ ഇന്ത്യയിലെ ഏറ്റവും മികച്ച യുവസാഹിത്യ കാരനുള്ള 20,000 രൂപയുടെ സംസ്കൃതി അവാർഡ് പ്രഖ്യാപിച്ചെ ങ്കിലും അത് സ്വീകരിച്ചില്ല. സാഹിത്യത്തിൻ്റെ പേരിലുള്ള ഒരവാ ർഡും സ്വീകരിക്കുകയില്ല എന്നായിരുന്നു അദ്ദേഹത്തിൻ്റെ നില പാട്. 2001–ൽ ബാലചന്ദ്രൻ ചുള്ളിക്കാടിൻ്റെ കവിതകൾ എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് പ്രഖ്യാ പിച്ചെങ്കിലും മുൻനിലപാടിൽ തന്നെ അദ്ദേഹം ഉറച്ചുനിന്നു. ഉള്ളിൽ തീപ്പൊള്ളലേൽപ്പിക്കുന്ന അനുഭവങ്ങൾ സ്വരു ക്കൂട്ടിയ പുസ്തകമാണ് ചിദംബര സ്മരണ. ജീവിതഗന്ധിയായ 38 ലേഖനങ്ങളുടെ സമാഹാരമാണിത്. കവി തൻ്റെ ജീവിതത്തിന്റെ ഒരു കാലഘട്ടം ഈ പുസ്തകത്തിലെ കുറിപ്പുകളിലൂടെ ആവി ഷ്കരിക്കുന്നു. ജീവിതത്തോടും അനുഭവങ്ങളോടും വായനക്കാ രോടും സത്യസന്ധത പുലർത്തുന്ന ഒരു പുസ്തകമാണിത്. കോളേജ് പഠനകാലത്തുകാലത്തു തന്നെ വിവാഹം കഴിച്ച കവി നേരിട്ട പ്രതിസന്ധികൾ, രാഷ്ട്രീയബന്ധങ്ങളുടെ പേരിൽ വീട്ടിൽ നിന്ന് തിരസ്കൃതനാവേണ്ടിവന്നത്, പിന്നീട് നയിച്ച അലസ ജീവിതം, പിറക്കാനിരുന്ന മകനെ ഗർഭച്ഛിദ്രത്തിലൂടെ ഇല്ലാതാക്കി യത്, ജോലി ലഭിച്ച ശേഷമുള്ള അനുഭവങ്ങൾ എല്ലാം ഈ പുസ്ത കത്തിൽ വിവരിക്കുന്നു.

<u>പാഠസംഗ്രഹം</u>

'പിറക്കാത്ത മകന്' എന്ന കവിത രൂപപ്പെടാനുണ്ടായ ജീവിത സാഹചര്യത്തെയാണ് ചിദംബരസ്മരണ എന്ന പുസ്തക ത്തിലെ ഭ്രൂണഹത്യ എന്ന അധ്യായത്തിൽ കവി ബാലചന്ദ്രൻ ചുള്ളിക്കാട് കുറിക്കുന്നത്. 1981 ലാണ് ആ അനുഭവം ഉണ്ടായത്. ബാലചന്ദ്രൻ ചുള്ളി ക്കാട് എറണാകുളം മഹാരാജാസ് കോളേജിൽ രണ്ടാംവർഷ ബി എ യ്ക്ക് പഠിക്കുമ്പോൾ അവിടെത്തന്നെ ഒന്നാം വർഷം എം എ ക്ക് പഠിക്കുകയാണ് വിജയലക്ഷ്മി. രണ്ടുപേരും വീടോ രക്ഷിതാ ക്കളുടെ തണലോ കൂടാതെ, എഴുത്തിൽനിന്ന് കിട്ടുന്ന ചെറിയ വരുമാനവും സുഹൃത്തുക്കളുടെ സഹായവും കൊണ്ട് ജീവിച്ചു പോരുകയാണ്. അതിനിടയിലാണ് ഒരു ദിവസം, താൻ ഗർഭിണി യാണ് എന്ന് വിജയലക്ഷ്മി, ചുള്ളിക്കാടിനെ അറിയിക്കുന്നത്. പഠനകാലത്തിനിടയ്ക്ക് രണ്ടുപേരും ഒരു സുഹൃത്തിന്റെ വീട്ടിൽ ഒരുമിച്ച് കഴിഞ്ഞിരുന്നു. അതിൻ്റെ ദുരന്തഫലമായിരുന്നു അത്. കേറിക്കിടക്കാൻ ഒരു സ്ഥലമോ ബന്ധമോ ഒന്നും ഇല്ലാത്ത നമ്മൾ എങ്ങനെയാണ് ഒരു കുഞ്ഞിന്റെ പിറവി താങ്ങുക? നിസ്സഹായത കൊണ്ട് വീർപ്പുമുട്ടിയെങ്കിലും "നീ ധൈര്യമായിട്ട് പോ പെണ്ണേ, നിനക്ക് ഞാനില്ലേ? നീ എന്തിനു ഭയക്കുന്നു? പട്ടിയും പൂച്ചയും അടക്കം പ്രസവിക്കുന്നില്ലേ? അടുത്തു ധർമ്മാസ്പത്രിയില്ലേ? ചുറ്റും അദ്ധ്യാപകരും ആയിരക്കണക്കിന് വിദ്യാർത്ഥികളുമില്ലേ?" എന്നു പറഞ്ഞുകൊണ്ട് അവളെ സമാധാനിപ്പിക്കുകയാണ് ചെയ്തത്. ഈ വാക്കുകൾ വിജയലക്ഷ്മിക്ക് ആശ്വാസം പക ർന്നു. പക്ഷേ അവൾ പോയി കഴിഞ്ഞതിനുശേഷമാണ് ചില ചിന്തകൾ കടന്നുപോയത്. കുട്ടിയെ പോറ്റുകയെന്നത് ദാരിദ്ര്യം നിറഞ്ഞ ഈ പശ്ചാത്തലത്തിൽ അസാദ്ധ്യമാണ്. അതുകൊണ്ട് അദ്ദേഹം ഭ്രൂണഹത്യയെക്കുറിച്ച് ചിന്തിച്ചു. കോളേജിനടുത്തുള്ള ലക്ഷ്മി ഹോസ്പിറ്റലിലെ ഡോക്ടർ ശാന്താ വാര്യരെ കണ്ടു ആദ്യം അവർ വിസമ്മതമറിയിച്ചെങ്കിലും കായലിൽ ചാടി ആത്മ ഹത്യ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ വഴങ്ങി. ഡോക്ട റോട് കാര്യങ്ങളെല്ലാം ഉറപ്പിച്ചതിനു ശേഷം വിജയലക്ഷ്മിയോട് കാര്യം അവതരിപ്പിച്ചു. അവർ ഒരിക്കലും അതിനു സമ്മതിച്ചില്ല ഇതിന് സമ്മതിച്ചില്ലെങ്കിൽ നിന്നെ ഞാനിപ്പൊ കൊല്ലും എന്നു പറഞ്ഞ് അവരുടെ കഴുത്ത് ഞെരിച്ചതോടുകൂടി പ്രാണ ഭയത്താൽ അവൾക്ക് അത് സമ്മതിക്കേണ്ടി വന്നു. ഭ്രൂണഹത്യ ചെയ്യാൻ ഭർത്താവ് ഒപ്പിട്ടു കൊടുക്കണം. വിജയലക്ഷ്മി വിങ്ങിപ്പൊട്ടുക യാണ്. അവളുടെ ഗർഭത്തിന്റ ഉള്ളറയിൽ കിടന്ന് അവരുടെ ആദ്യ കുഞ്ഞ് മുറവിളികൂട്ടുന്നു. എന്നെ

കൊല്ലല്ലേ അച്ഛാ, സൂര്യ കിരണങ്ങളേല്ക്കാനും ഭൂമിദേവിയെ സ്പർശിക്കാനും മുലപ്പാൽ രുചി അറിയാനുമുള്ള അനുവാദം എനിക്ക് തരണേ, എന്നെ കൊല്ല രുതേ അച്ഛാ എന്റെ പൊന്നച്ഛാ.. എന്നു പറഞ്ഞുകൊണ്ടുള്ള നീണ്ട നിലവിളി, പക്ഷേ, അദ്ദേഹം അതൊന്നും കേൾക്കാത്ത മട്ടിൽ നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ ഒപ്പിട്ടുകൊടുത്തു. നഴ്സ് വിജയലക്ഷ്മിയെ അകത്തേക്ക് കൊണ്ടുപോയി. നിർഭാഗ്യവാനായ മകനോട്, നിർഭാഗ്യവതിയായ ആ അമ്മയോട് അദ്ദേഹം മാപ്പ് ചോദിക്കുന്നു. ഇത്രയുമായപ്പോഴേക്കും ചുള്ളിക്കാടിനു മുന്നിൽ കണ്ണുനീരിന്റെ കരിങ്കടൽ കടഞ്ഞ് സർപ്പ കേശിനിയും രക്ത നേത്രയുമായ കാവ്യദേവത വിഷകുംഭവുമായി ഉയർന്നു വന്നു. ആ കാകോള കുംഭം ഏറ്റു കുടിക്കെ ഉറക്കെപ്പാടി:

"ലോകാവസാനം വരേയ്ക്കും പിറക്കാതെ പോകട്ടെ നീയെൻ മകനെ, നരകങ്ങൾ വാ പിളർക്കുമ്പോഴെരിഞ്ഞു വിളിക്കുവാൻ ആരെനിക്കുള്ളു നീയല്ലാതെ – എങ്കിലും" തളർന്ന് പോയ കവിയുടെ ഉള്ളിൽ പൊട്ടിവന്ന ഈ കണ്ണുനീരിന്റെ കരിങ്കടലും പാപബോധവുമാണ് 'പിറക്കാത്ത മകന്' എന്ന കവിതയ്ക്ക് ഹേതുവായത്.

## ഗ്രന്ഥസൂചി

സർഗാത്മകതയും സാഹിത്യവും – ഡോ. രാജേഷ് മോൻജി